VOL NO: 05 | ISSUE 09
www.nerpatham.com
mail@nerpatham.com

2021 FEBRUARY 27 | ₹12

# നേർപഥം

വാരിക

# മനുഷ്യൻ ജീവിതം ജീവിതലക്ഷ്യം




ആരാണ് മനുഷ്യൻ ?
എന്താണ് ജീവിതം?
എന്താണ് ജീവിതത്തിന്റെ
അർഥവും ലക്ഷ്യവും?
പ്രായോഗികമായ മാർഗദർശനം ഏത്?
ഒരു പഠനം.

- **ദൈവം നീതിമാനാണ്**

**പടച്ചോന്റെ വേണ്ടുക**

**ആക്ഷേപങ്ങളിൽ അടിപതറാതെ**

**ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം**

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# 0215

# നേർപഥം

വാരിക

2021 ഫെബ്രുവരി 27

1442 റജബ് 15

പുസ്തകം 05 /ലക്കം 09

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








## മനുഷ്യൻ, ജീവിതം, ജീവിതലക്ഷ്യം

ഉസ്മാൻ പാലക്കാഴി

10

05
**മുഖമൊഴി**
ദൈവം നീതിമാനാണ്
എഡിറ്റർ

06
**ചരിത്രപഥം**
ആക്ഷേപങ്ങളിൽ അടിപതറാതെ
ഹുസൈൻ സലഫി, ഷാർജ

18
**കാഴ്ച**
പടച്ചോന്റെ വേണ്ടുക
ഇബ്നു അലി എടത്തനാട്ടുകര

21
**ലേഖനം**
ഇസ്‌ലാം, സ്ത്രീ, അനന്തരാവകാശം
ശബീബ് സ്വലാഹി

25
**ജാലകം**
കരുണവറ്റാതിരിക്കുക
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

26
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

31
**ക്വുർആൻ ദർശനം**
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34
**ബാലപഥം**
നിറങ്ങൾ
അബൂഫായിദ

ചലനങ്ങൾ

# ധാർമികതയുടെ വീണ്ടെടുപ്പിന് മഹല്ലുകമ്മിറ്റികൾ ജാഗ്രതപാലിക്കണം: വിസ്ഡം മഹല്ല് സമ്മേളനം

മലപ്പുറം: സമൂഹത്തിന്റെ ധാർമികവും സാംസ്‌കാരികവുമായ പുനരുജ്ജീവനത്തിന് കരുത്തുപകരാൻ മഹല്ലുകമ്മിറ്റികൾ ജാഗ്രത പാലിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച കേരള മഹല്ല് കോൺഫറൻസ് അഭിപ്രായപ്പെട്ടു. 'നിർഭയജീവിതം, സുരക്ഷിതസമൂഹം' എന്ന പ്രമേയത്തിൽ 2021 ഏപ്രിൽ 1,2,3,4 തീയതികളിൽ നടക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ ഭാഗമായാണ് ഓൺലൈനിൽ മഹല്ല് കോൺഫറൻസ് നടത്തിയത്.

കുടുംബശൈഥില്യങ്ങളും ലൈംഗിക അരാജകത്വവും വർധിച്ചുവരുന്ന സാഹചര്യത്തിൽ സമൂഹത്തിന് ശരിയായ മാർഗനിർദേശം നൽകാൻ മഹല്ലുകമ്മിറ്റികൾക്ക് ബാധ്യതയുണ്ട്. വിവാഹമോചനങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ മഹല്ലിന്റെ നേതൃത്വത്തിൽ കൗൺസലിംഗ് സംവിധാനം ഒരുക്കണം. സാമ്പത്തിക അച്ചടക്കവും ലാളിത്യവും ജീവിതത്തിൽ കർശനമായി നടപ്പാക്കുവാൻ മഹല്ലുനിവാസികൾക്ക് നിർദേശം നൽകണം. പരിസര ശുചീകരണവും പ്രകൃതിസംരക്ഷണവും മഹല്ലുകമ്മിറ്റികളുടെ പരിധിയിൽവരുന്ന യുവാക്കളുടെ അജണ്ടയിൽ കൊണ്ടുവരണം. വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിൽ മാർഗനിർദേശങ്ങൾ നൽകുവാനും അതിന്റെ ആവശ്യകത ബോധ്യപ്പെടുന്നവിധം ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുവാനും ശ്രദ്ധിക്കണം.

വിശ്വാസ ചൂഷണങ്ങളും അതിന്റെ മറവിലുള്ള തട്ടിപ്പുകളും തിരിച്ചറിയുന്ന, പ്രതികരണശേഷിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കേണ്ട ബാധ്യത മഹല്ലുകമ്മിറ്റികൾ വിസ്മരിക്കരുത്. മത, രാഷ്ട്രീയ രംഗങ്ങളിൽ വിശുദ്ധമായ ജീവിതം നയിക്കാൻ നിരന്തരമുള്ള ബോധവൽക്കരണം മഹല്ലുകൾ ഏറ്റെടുക്കണം.

സമ്മേളനം വിസ്ഡം ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ആധ്യക്ഷ്യം വഹിച്ചു. കേരള വഖഫ് ബോർഡ് മുൻ ചെയർമാൻ പാണക്കാട് റഷീദലി ശിഹാബ് തങ്ങൾ, കേരള ഹജ്ജ് കമ്മിറ്റി മുൻ ചെയർമാൻ തൊടിയൂർ കുഞ്ഞിമുഹമ്മദ് മൗലവി, അരീക്കോട് സുല്ലമുസ്സലാം മാനേജർ എൻ.വി സകരിയ്യ, കേരള മസ്ജിദ് കൗൺസിൽ ഡയറക്ടർ ശിഹാബ് പൂക്കോട്ടൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽസെക്രട്ടറി ടി.കെ അശ്‌റഫ്, അബൂബക്കർ സലഫി, ഹുസൈൻ കാവനൂർ എന്നിവർ പ്രസംഗിച്ചു.

## വെഹിക്കിൾ സ്‌ക്രാപേജ് പോളിസി പുനഃപരിശോധിക്കണം: വിസ്ഡം യൂത്ത്

കൽപ്പറ്റ: മോട്ടോർ വാഹന ഉപയോഗത്തിന് കാലപരിധി നിശ്ചയിച്ചുകൊണ്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ബജറ്റിൽ പ്രഖ്യാപിച്ച വെഹിക്കിൾ സ്‌ക്രാപേജ് പോളിസി നിയമം പുനഃപരിശോധിക്കണമെന്ന് വിസ്ഡം യൂത്ത് വയനാട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മോട്ടോർ വാഹന തൊഴിലാളി സംഗമം ആവശ്യപ്പെട്ടു.

വാണിജ്യ വാഹനങ്ങൾക്ക് 15 വർഷം നിശ്ചയിക്കുന്നതോടെ ടാക്‌സി വാഹനങ്ങളടക്കം പൊളിക്കുമ്പോൾ ആയിരക്കണക്കിന് നിർധനരായ മോട്ടോർ വാഹന തൊഴിലാളികൾ പെരുവഴിയിലാകും. പഴക്കമുള്ള വാഹനങ്ങളെടുത്ത് ഉപജീവന മാർഗത്തിനായി ഉപയോഗിക്കുന്ന തൊഴിലാളികൾ കടബാധ്യതകൾ തീർക്കാനാവാത്ത സ്ഥിതിയിലാകും. അത്തരം പ്രതിസന്ധികൾക്ക് കൂടി പരിഹാരം കാണത്തക്കവിധം നിയമം പരിഷ്‌കരിക്കുന്നതിൽ ഭരണകൂടം ശ്രമിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു.

ഗതാഗത നിയമങ്ങൾ പാലിക്കാൻ എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്നും അതിനെ നിരാകരിക്കുന്ന സമീപനം അധാർമികമാണെന്നും സംഗമം അഭിപ്രായപ്പെട്ടു. സുഹൈൽ പ്രസംഗിച്ചു.

മുഖമൊഴി

# ദൈവം നീതിമാനാണ്

ഇസ്‌ലാമിനെ താത്വികമായും പ്രായോഗികമായും എതിർക്കുന്നു എന്നതിനാൽ; ആഗോള സാമ്രാജ്യത്വ അധിനിവേശ ദുശ്ശക്തികൾ, വർഗീയ-വംശീയ ഫാഷിസം, സിയോണിസം, നിയോനാസിസം തുടങ്ങിയ പ്രതിലോമകശക്തികളെ വാനോളം പുകഴ്ത്തുവാൻ തൂലികയും ചിന്തയും ഉപയോഗിക്കുന്ന പലരും യുക്തിവാദികളുടെ കൂട്ടത്തിലുണ്ട്. മാരകമായ ഈ ബൗദ്ധികരോഗത്തിന്റെ പിടിയിലമർന്ന് ചിന്തയും വിവേകവും യുക്തിബോധവും സാമാന്യബുദ്ധിയും നശിക്കുകയും മനുഷ്യത്വത്തിന്റെ വിശാലമായ താൽപര്യങ്ങൾക്കുപോലും യാതൊരു മൂല്യവും കാണാൻ സാധിക്കാത്ത തരംതാഴ്ചയിൽ ചെന്നെത്തുകയും ചെയ്തവർ കേരളത്തിൽ യുക്തിവാദികളായി വിലസുന്നുണ്ട്.

മതങ്ങളെയും വിശ്വാസങ്ങളെയും വിലയിരുത്തുന്നതിൽ അവർ ചെന്നെത്തിയിരിക്കുന്നത് സാമാന്യബുദ്ധിയുടെയും മനുഷ്യമഹത്വത്തിന്റെയും സർവസാധാരണങ്ങളായ മാനദണ്ഡങ്ങളുമായി പോലും നീതിപുലർത്താത്ത നിലപാടുകളിലാണ്. ഇസ്‌ലാമുമായി ബന്ധപ്പെട്ട പ്രമേയങ്ങളെ ചർച്ചക്കെടുക്കുമ്പോൾ യുക്തിവാദികളിൽ കാണുന്ന സമീപനങ്ങൾ പലപ്പോഴും നീതിപൂർവകമാകാറില്ലെന്ന് മാത്രമല്ല, യുക്തിയുമായി ബന്ധപ്പെട്ട ഏതൊരുതരം വിശേഷണങ്ങളെയും തള്ളിക്കളയുന്ന സ്വഭാവത്തോടുകൂടിയവയും ആയിരിക്കാറുണ്ട്. ഇസ്‌ലാമിന്റെ ചരിത്രം, ചരിത്രപശ്ചാത്തലം, ആശയങ്ങൾ, മൂല്യങ്ങൾ, മതപരമായ നിയമങ്ങൾ, വിശുദ്ധ ക്വുർആനിലെ പരാമർശങ്ങൾ എന്നിവയെക്കുറിച്ച് അന്ധമായ മുൻവിധികളുടെ സഹായത്തോടെയാണ് യുക്തിവാദികൾ അവരുടെ വീക്ഷണങ്ങൾ അവതരിപ്പിക്കാറുള്ളത്. വസ്തുനിഷ്ഠമായ പഠനത്തിന് വിധേയമാക്കാൻ ശ്രമിക്കാതെ തെറ്റായ വിധിപ്രഖ്യാപനങ്ങളിലൂടെ ഇസ്‌ലാമിനെ കടന്നാക്രമിക്കുവാൻ യുക്തിവാദികൾ കഠിനപ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണ്.

എല്ലാ മേഖലകളിലും മനുഷ്യന്റെ യുക്തിപരമായ ഔന്നത്യത്തെ വിലകുറച്ച് കാണിക്കുന്നവർ എന്ന രീതിയിൽ യുക്തിവാദികൾ തരംതാഴ്ന്നിരിക്കുന്നു. ഈ സ്വഭാവം ഇസ്‌ലാമുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വർധിതമായി കാണാം. ഇസ്‌ലാമിനെ വിമർശിക്കുന്നതിൽ ഏതറ്റംവരെയും പോകുന്നതിൽ ഒരു വിവേചനശേഷിയും യുക്തിവാദികളെ തടയാറില്ല. സന്ദർഭങ്ങളും പശ്ചാത്തലങ്ങളും പരിഗണിക്കാതെയുള്ള വിലയിരുത്തലുകളിലൂടെ ഇസ്‌ലാമിനെ കടന്നാക്രമിക്കാനുള്ള മൃഗീയമായ ത്വര യുക്തിവാദികൾ ഒരു ഐഡന്റിറ്റിയായി കൊണ്ടുനടക്കുന്നു. ഈ പ്രവണതക്ക് എമ്പാടും ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ കഴിയും.

'ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചതെങ്കിൽ, ദൈവത്തെക്കുറിച്ച് സ്തുതിഗീതങ്ങൾ പാടി ഇസ്‌ലാമിക നിയമങ്ങൾ പൂർണമായി അനുഷ്ഠിച്ചില്ലെങ്കിൽ നരകത്തിലിട്ട് വറുക്കുന്നവൻ എങ്ങനെയാണ് റഹ്മാനും റഹീമുമായിത്തീരുന്നത്' എന്ന, ഒരു യുക്തിവാദിയുടെ ഫേസ്ബുക്ക് പോസ്റ്റ് കാണാനിടയായി.

ഒരുപാട് അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് മനുഷ്യർ ഇവിടെ ജീവിക്കുന്നത്. ദൈവം ഇല്ലായെന്ന് പറയുകയും ദൈവത്തെ കളിയാക്കുകയും അവന്റെ നിയമങ്ങളെ അപഹസിക്കുകയും ചെയ്യുന്ന ഇത്തരം യുക്തിവാദികളും ആ അനുഗ്രഹങ്ങൾ ആകുവോളം ആസ്വദിക്കുന്നുണ്ട് എന്നത് അവർ വിസ്മരിക്കുകയാണ്. സത്യവിശ്വാസികളാകട്ടെ അനുഗ്രഹങ്ങൾക്ക് നന്ദിയെന്നോണം സ്രഷ്ടാവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ടും അവനെ പ്രകീർത്തിച്ചുകൊണ്ടും ജീവിക്കുന്നു. രണ്ടുകൂട്ടരുടെയും പര്യവസാനം ഒരുപോലെയാണെങ്കിൽ നല്ലവരായി ജീവിക്കുന്നത് അർഥശൂന്യമായ പ്രവൃത്തിയാണെന്ന് വരുമല്ലോ. മക്കൾ അനുസരണക്കേട് കാണിക്കുമ്പോൾ രക്ഷിതാക്കൾ ശിക്ഷിക്കും. അനുസരിക്കുന്ന മക്കളെ അഭിനന്ദിക്കും. ഇങ്ങനെ ചെയ്യുന്ന പിതാവ് ക്രൂരനാണെന്ന അഭിപ്രായം യുക്തിവാദികൾക്കുണ്ടോ?



ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# ആക്ഷേപങ്ങളിൽ അടിപതറാതെ

മുഹമ്മദ് നബിﷺ 11

മക്കാമുശ്‌രിക്കുകളുടെ മറ്റൊരു ആക്ഷേപവും അതിനുള്ള മറുപടിയും കാണുക: "അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്കവണ്ണം ഇയാളുടെ അടുത്തേക്ക് എന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ ഇയാൾക്ക് (കായ്കനികൾ) എടുത്തുതിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാകുന്നില്ല? (റസൂലിനെ പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്"(ക്വുർആൻ 25:7,8)

"ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്കുമുമ്പ് ദൂതൻമാരിൽ ആരെയും നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങൾ ക്ഷമിക്കുമോ എന്ന് നോക്കാനായി നിങ്ങളിൽ ചിലരെ ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുന്നു. നിന്റെ രക്ഷിതാവ് (എല്ലാം)കണ്ടറിയുന്നവനാകുന്നു" (ക്വുർആൻ 25:20).

മുഹമ്മദ് നബിﷺ ദരിദ്രനായിരുന്നു എന്നതാണ് അവരുടെ മറ്റൊരു ആക്ഷേപം: "ഈ രണ്ട് പട്ടണങ്ങളിൽനിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു" (ക്വുർആൻ 41:31).

മക്കയിലും പരിസരപ്രദേശമായ ത്വാഇഫിലും മുഹമ്മദിനെക്കാൾ പ്രൗഢിയും പ്രതാപവുമുള്ള എത്ര പേരുണ്ട്! അവരെയൊന്നും തെരഞ്ഞെടുക്കാതെ ഇവനെയാണോ ഇതിനായി തെരഞ്ഞെടുത്തത് എന്നാണ് അവർക്ക് ഉണ്ടായിരുന്ന മറ്റൊരു ആക്ഷേപം. മക്കയിലെ വലീദുബ്നു മുഗീറയെയും ത്വാഇഫിലെ ഉർവത്തുബ്നു മസ്ഊദ് അസ്സക്വഫിയെയുമാണ് അവർ ഉദ്ദേശിച്ചത് എന്നാണ് ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നത്.

മുഹമ്മദ് ഭ്രാന്തനാണ് എന്നുപോലും അവർ ആക്ഷേപിച്ചു: "അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ; ഉൽബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ"(ക്വുർആൻ 15:6).

"...ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തൻ എന്നൊക്കെ അവർ പറയുകയും ചെയ്തു" (ക്വുർആൻ 44:14).

ഇതിനെല്ലാം അല്ലാഹു നൽകിയ മറുപടി കാണുക: "നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം കൊണ്ട് നീ ഒരു ഭ്രാന്തനല്ല" (ക്വുർആൻ 68:2).

"ആകയാൽ നീ ഉൽബോധനം ചെയ്യുക. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്താൽ നീ ഒരു ജ്യോത്സ്യനോ ഭ്രാന്തനോ അല്ല. അതല്ല, (മുഹമ്മദ്) ഒരു കവിയാണ്, അവന്ന് കാലവിപത്ത് വരുന്നത് ഞങ്ങൾ കാത്തിരിക്കുകയാണ് എന്നാണോ അവർ പറയുന്നത്? നീ പറഞ്ഞേക്കുക: നിങ്ങൾ കാത്തിരുന്നോളൂ. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തിലാകുന്നു"(ക്വുർആൻ 52:29-31).

തന്നെ ഏറെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത തന്റെ ജനത എത്ര കടുത്ത പദങ്ങളാണ് പ്രയോഗിക്കുന്നത്. ഭ്രാന്തില്ലാത്ത ഒരാളെപ്പറ്റി ഭ്രാന്തനെന്നു പറഞ്ഞ് ആക്ഷേപിക്കുന്നത് അയാൾക്ക് എത്ര പ്രയാസമാകും! കവിയാണെന്നും ജാലവിദ്യക്കാരനാണെന്നും കള്ളനാണെന്നും അവിടുത്തെ മുഖത്തുനോക്കി അവർ വിളിക്കുകയും പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തു:

"സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു"(ക്വുർആൻ 38:4).

മുശ്രിക്കുകൾ ഇത്തരത്തിൽ പ്രവാചകനെ വല്ലാതെ വിഷമിപ്പിക്കുമ്പോഴെല്ലാം അല്ലാഹു ആശ്വാസവചനങ്ങൾ അവിടുത്തേക്ക് നൽകുമായിരുന്നു. ചില വചനങ്ങൾ കാണുക:

"നിനക്ക് മുമ്പ് പല ദൂതൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചുകൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുകതന്നെ ചെയ്തു" (ക്വുർആൻ 6:10).

"തീർച്ചയായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കുതന്നെയാകുന്നു. ഇതൊരു കവിയുടെ വാക്കല്ല. വളരെക്കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ. ഒരു ജ്യോത്സ്യന്റെ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ. ഇത് ലോകരക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു" (ക്വുർആൻ 69:40-43).

സ്വഫാ മലക്കടുത്ത് കച്ചവടത്തിനും മറ്റുമായി വരുന്ന അനറബികളെ നബിﷺ കാണുമായിരുന്നു. അവർക്ക് നന്നായി അറബി അറിയുമായിരുന്നില്ലെങ്കിലും ഒപ്പിച്ച് പറയാൻ സാധിക്കുമായിരുന്നു. ഇതും ശത്രുക്കൾ മുതലെടുത്തു. അവർ പറഞ്ഞു: മുഹമ്മദ് അഅ്ജമികളിൽ നിന്നാണ് ഇതെല്ലാം കൊണ്ടുവരുന്നത്. അതിന് അല്ലാഹു ഇപ്രകാരം മറുപടി നൽകി.

"ഒരു മനുഷ്യൻ തന്നെയാണ് അദ്ദേഹത്തിന് (നബിക്ക്) പഠിപ്പിച്ചുകൊടുക്കുന്നത് എന്ന് അവർ പറയുന്നുണ്ടെന്ന് തീർച്ചയായും നമുക്കറിയാം. അവർ ദുസ്സൂചന നടത്തിക്കൊണ്ടിരിക്കുന്നത് ഏതൊരാളെപ്പറ്റിയാണോ ആ ആളുടെ ഭാഷ അനറബിയാകുന്നു. ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയാകുന്നു" (ക്വുർആൻ 16:103).

അവർ പറയുന്നത് അനറബിയിൽ നിന്ന് മുഹമ്മദ് കേട്ട് പഠിക്കുന്നു എന്നാണല്ലോ. എന്നാൽ നബിﷺ ഒരു അനറബിയിൽനിന്ന് കേട്ടുപഠിച്ച് പറയുകയാണെങ്കിൽ ക്വുർആൻ ആ അനറബി ഭാഷയിൽ ആകണമായിരുന്നില്ലേ? ഈ ക്വുർആനാകട്ടെ സ്പഷ്ടമായ അറബി ഭാഷയിലുമാണ്.

ഇബ്നു കഥീർ(റഹി) ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ പറയുന്നു: "അവർക്കിടയിൽ ഉണ്ടായിരുന്ന ഒരു അനറബിയിലേക്കാണ് അവർ ചൂണ്ടുന്നത്. സ്വഫായുടെ അടുക്കൽ കച്ചവടം ചെയ്തിരുന്ന, ക്വുറയ്ശിക്ക് ഉണ്ടായ ഒ

**മുഹമ്മദ്, അഹ്മദ് എന്നീ രണ്ട് പേരുകൾ ക്വുർആൻ പരിചയപ്പെടുത്തിയ പേരുകളാണ്. അൽ മാഹിയ് എന്നു പറഞ്ഞാൽ മായ്ച്ച് കളയുന്നവൻ എന്നാണ് അർഥം. അഥവാ, നബിﷺ വിവരിച്ചതുപോലെ അവിടുത്തെ കൊണ്ടാണ് അല്ലാഹു സത്യനിഷേധത്തെ നീക്കം ചെയ്യുന്നത്. നബിﷺ പ്രവാചകനാകുന്ന കാലത്തെ മക്ക ബഹുദൈവാരാധന കൊടികുത്തിവാണിരുന്ന അവസ്ഥയിലായിരുന്നല്ലോ. അവിടുത്തെ പ്രബോധനത്താൽ അവിടെനിന്ന് കുഫ്റും ശിർക്കും അല്ലാഹു തുടച്ചുനീക്കി. അതുപോലെ മക്കയിലെയും പരിസര പ്രദേശങ്ങളിലെയും അക്കാലത്തെയും പിൽക്കാലത്തെയും എത്രയോ മനുഷ്യരുടെ മനസ്സിൽ അടിഞ്ഞുകൂടിയ പലവിധ അന്ധവിശ്വാസങ്ങളും കുഫ്റും പ്രവാചകൻ മുഖേന അല്ലാഹു തുടച്ചു നീക്കി എന്നത് ചരിത്രമാണല്ലോ.**

രു കുട്ടിയാണ് (അവൻ). ചിലപ്പോഴെല്ലാം നബിﷺ (അതിലൂടെ) നടന്നുപോകുമ്പോൾ അവന്റെ അടുക്കൽ ഇരിക്കുകയും അവനോട് ചില കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവനാകട്ടെ അറബി അറിയാത്ത, അനറബി ഭാഷക്കാരനായിരുന്നു. അല്ലെങ്കിൽ, പ്രധാനപ്പെട്ട എന്തെങ്കിലും അവനോട് സംസാരിക്കുന്നവരോട് മറുപടി നൽകാൻ മാത്രം അൽപം (അറബി) അറിയുന്നവനായിരുന്നു അവൻ. ഇതുകൊണ്ടാണ് അല്ലാഹു അവരുടെ കെട്ടിച്ചമച്ചതി(ആരോപണത്തി)ൽ അവർക്ക് മറുപടിയായി പറഞ്ഞത്: 'അവർ ദുസ്സൂചന നടത്തിക്കൊണ്ടിരിക്കുന്നത് ഏതൊരാളെപ്പറ്റിയാണോ ആ ആളുടെ ഭാഷ അനറബിയാകുന്നു. ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയാകുന്നു.' അപ്പോൾ എങ്ങനെയാണ് അവൻ (ഈ നബിക്ക്) ഈ ക്വുർആൻ പഠിപ്പിക്കുക? നബിയായി അയക്കപ്പെട്ട എല്ലാവരുടെ മേലും ഇറങ്ങിയ എല്ലാ വേദഗ്രന്ഥത്തെക്കാളും ആശയങ്ങളാൽ പൂർണമായ അത് (ക്വുർആൻ), അതിന്റെ സാഹിത്യത്തിലും, പൂർണവും എല്ലാം ഉൾകൊള്ളുന്നതുമായ അർഥത്തിലും ഉള്ള (ഈ ക്വുർആൻ) അഅ്ജമിയായ ഒരു ആളിൽ നിന്ന് എങ്ങനെ പഠിച്ചെടുക്കും? ബുദ്ധിയിൽനിന്ന് അൽപമെങ്കിലും ഉള്ളവൻ ഇത് പറയില്ലല്ലോ."

മുഹമ്മദ് നബിﷺക്ക് എഴുത്തും വായനയും അറിയില്ല. എന്നാൽ അദ്ദേഹത്തെ പരിഹസിക്കുകയും കളവാക്കുകയും ചെയ്തവർ അറബി സാഹിത്യത്തിന്റെ അധിപന്മാരുമായിരുന്നു. നിമിഷനേരംകൊണ്ട് സാഹിത്യത്തിന്റെ ഉത്തുംഗതയിൽ നിന്നുകൊണ്ട് കവിതയും ഗാനങ്ങളും രചിച്ച്, ഉക്കാളയിലും മിജന്നയിലുമെല്ലാം അവതരിപ്പിച്ചിരുന്ന വമ്പന്മാർ ആയിരുന്നു അവർ. പല തരത്തിലുള്ള ആക്ഷേപങ്ങളും ഉന്നയിച്ച് അല്ലാഹു ഇറക്കിയ ക്വുർആനിനെ നിഷേധിച്ച ആ സമൂഹത്തോട് ക്വുർആൻ ആവർത്തിച്ച് ചില വെല്ലുവിളികൾ ഉയർത്തി.

"(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും."(17:88)

"അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടുവരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ."(10:38)

ഈ വെല്ലുവിളി അവരെ വല്ലാതെ അലോസരപ്പെടുത്തി. ഇതിന് മറുപടി നൽകാൻ അവർ കുറെ ശ്രമിച്ചു. എന്നാൽ അവർ പരാജയം സമ്മതിക്കുക മാത്രമാണ് ഉണ്ടായത്.

### നബിﷺയുടെ പ്രത്യേകതകൾ

നബിﷺയെ കുറിച്ച് എന്തെല്ലാം ആരോപണങ്ങളും ആക്ഷേപങ്ങളുമാണ് മുശ്രിക്കുകൾ പറഞ്ഞു പരത്തിയത് എന്ന് നാം മനസ്സിലാക്കി. സാധാരണഗതിയിൽ ഇത്രയേറെ വിമർശനങ്ങൾ ഒരാൾക്കുനേരെയുണ്ടാകുമ്പോൾ അയാൾ തളരുക സ്വാഭാവികമാണ്. എന്നാൽ നബിﷺക്ക് യാതൊരു തളർച്ചയും പതർച്ചയും ഈ മാർഗത്തിൽ ഉണ്ടായതേയില്ല. മുന്നോട്ടുവെച്ച കാൽ പിന്നോട്ടുവെക്കാൻ ഒരു നിമിഷം പോലും നബിﷺ ആലോചിച്ചില്ല. ആക്ഷേപങ്ങളും കുത്തുവാക്കുകളും കേൾക്കേണ്ടിവന്നപ്പോൾ കൂടുതൽ ആശ്വാസവും വിശ്വാസസ്ഥൈര്യവും ഉണ്ടാവുകയാണ് ചെയ്തത്. കാരണം, അല്ലാഹു അവിടുത്തേക്ക് പലവിധ പ്രത്യേകതകളും നൽകിയിരുന്നു. അല്ലാഹുവിൽനിന്നുള്ള ഇത്തരം പ്രത്യേകതകൾ ആശ്വാസവും പ്രബോധന മാർഗത്തിൽ കൂടുതൽ ധൈര്യവും സ്ഥൈര്യവും ലഭിക്കാൻ കാരണമായി.

## വ്യത്യസ്തമായ നാമങ്ങൾ

നബിﷺക്ക് വ്യത്യസ്തമായ പേരുകൾ ഉണ്ടായിരുന്നു. ഈ പേരുകൾ തിരുമേനിക്ക് അല്ലാഹു നൽകിയ വ്യത്യസ്ത സ്ഥാനങ്ങളെയാണ് അറിയിക്കുന്നത്. എന്തെല്ലാമായിരുന്നു ആ പേരുകൾ എന്ന് നോക്കാം:

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "തീർച്ചയായും എനിക്ക് (വ്യത്യസ്തങ്ങളായ) പേരുകൾ ഉണ്ട്. ഞാൻ മുഹമ്മദാണ്, ഞാൻ അഹ്മദാണ്, ഞാൻ അൽമാഹിയ് ആണ്, അതായത് ഞാൻ മുഖേന അല്ലാഹു സത്യനിഷേധത്തെ മായ്ക്കുന്നു. ഞാൻ അൽഹാശിർ ആകുന്നു, (അതായത്) (അന്ത്യനാളിൽ) ജനങ്ങൾ എന്റെ കാൽ കീഴിൽ ഒരുമിച്ചുകൂട്ടപ്പെടുന്നവരാകുന്നു, ഞാൻ അൽആകിബ് ആകുന്നു, (അതായത്) അദ്ദേഹത്തിന് ശേഷം ഒരാൾ (നബിയായി) ഇല്ല,' അല്ലാഹു അദ്ദേഹത്തെ റഊഫ് എന്നും റഹീം എന്നും പേരു വിളിച്ചിട്ടുണ്ട്" (മുസ്ലിം).

മുഹമ്മദ്, അഹ്മദ് എന്നീ രണ്ട് പേരുകൾ ക്വുർആൻ പരിചയപ്പെടുത്തിയ പേരുകളാണ്. അൽ മാഹിയ് എന്നു പറഞ്ഞാൽ മായ്ച്ച് കളയുന്നവൻ എന്നാണ് അർഥം. അഥവാ, നബിﷺ വിവരിച്ചതുപോലെ അവിടുത്തെ കൊണ്ടാണ് അല്ലാഹു സത്യനിഷേധത്തെ നീക്കം ചെയ്യുന്നത്. നബിﷺ പ്രവാചകനാകുന്ന കാലത്തെ മക്ക ബഹുദൈവാരാധന കൊടികുത്തിവാണിരുന്ന അവസ്ഥയിലായിരുന്നല്ലോ. അവിടുത്തെ പ്രബോധനത്താൽ അവിടെനിന്ന് കുഫ്റും ശിർക്കും അല്ലാഹു തുടച്ചുനീക്കി. അതുപോലെ മക്കയിലെയും പരിസര പ്രദേശങ്ങളിലെയും അക്കാലത്തെയും പിൽക്കാലത്തെയും എത്രയോ മനുഷ്യരുടെ മനസ്സിൽ അടിഞ്ഞുകൂടിയ പലവിധ അന്ധവിശ്വാസങ്ങളും കുഫ്റും പ്രവാചകൻ മുഖേന അല്ലാഹു തുടച്ചു നീക്കി എന്നത് ചരിത്രമാണല്ലോ.

അൽഹാശിർ എന്നു പറഞ്ഞാൽ ഒരുമിച്ചുകൂട്ടുന്നവൻ എന്നാണ് അർഥം. അന്ത്യനാളിൽ ആദ്യമായി ക്വബ്റിൽനിന്ന് മഹ്ശറിലേക്ക് എഴുന്നേറ്റുവരുന്നത് അവിടുന്നായിരിക്കുമെന്ന് നബിﷺ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അതിനുശേഷമായിരിക്കും മറ്റുള്ളവരെല്ലാം ക്വബ്റിൽനിന്ന് മഹ്ശറിലേക്ക് വരിക. അതാണ് എന്റെ കാൽകീഴിലായിരിക്കും മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുക എന്ന് പറഞ്ഞതിന്റെ സാരം. അൽ ആകിബ് എന്നതാണ് മറ്റൊരു പേര്. മുഹമ്മദ് നബിﷺയാണ് അവസാനത്തെ നബിയെന്നും ഇനിയൊരു പ്രവാചകൻ വരാനില്ല എന്നുമാണ് ഈ നാമം സൂചിപ്പിക്കുന്നത്. അതാണ് മുഹമ്മദ് നബിﷺക്ക് ശേഷം ഇനി പുതിയൊരു പ്രവാചകൻ വരാനുണ്ടെന്ന് വിശ്വസിക്കൽ കുഫ്റാണെന്ന് പണ്ഡിതന്മാർ പറയാൻ കാരണം. അതുപോലെ അല്ലാഹു ക്വുർആനിൽ നബിയെ കുറിച്ച് പറഞ്ഞ രണ്ടു നാമങ്ങളാണ് റഊഫ് (ദയാലു), റഹീം (കാരുണ്യവാൻ) എന്നിവ. നബിﷺയുടെ ജീവിതം ഈ രണ്ട് നാമങ്ങളിലെയും ഗുണങ്ങൾ മുഴച്ചുനിന്നതായിരുന്നു. മറ്റു ചില റിപ്പോർട്ടുകളിൽ 'നബിയ്യുത്തൗബ' (പശ്ചാത്താപത്തിന്റെ പ്രവാചകൻ), നബിയ്യുർറഹ്മഃ (കാരുണ്യത്തിന്റെ പ്രവാചകൻ) എന്നെല്ലാം കാണാവുന്നതാണ്.


> **നബിﷺയെ കുറിച്ച് ആരോപണങ്ങളും ആക്ഷേപങ്ങളും മുശ്രിക്കുകൾ പറഞ്ഞു പരത്തി. സാധാരണഗതിയിൽ ഇത്രയേറെ വിമർശനങ്ങൾ ഒരാൾക്കുനേരെയുണ്ടാകുമ്പോൾ അയാൾ തളരുക സ്വാഭാവികമാണ്. എന്നാൽ നബിﷺക്ക് യാതൊരു തളർച്ചയും പതർച്ചയും ഈ മാർഗത്തിൽ ഉണ്ടായതേയില്ല. മുന്നോട്ടുവെച്ച കാൽ പിന്നോട്ടുവെക്കാൻ ഒരു നിമിഷം പോലും നബിﷺ ആലോചിച്ചില്ല.**

അല്ലാഹുവിന് 99 പേരുകൾ ഉള്ളതുപോലെ നബിﷺക്കും 99 പേരുകളുണ്ട് എന്ന് പറയുന്നവരുണ്ട്. നബിﷺ നമുക്ക് അറിയിച്ചുതരാത്ത പല പേരുകളും വളരെ കഷ്ടപ്പെട്ട് ചിലർ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല, ചില നാടുകളിൽനിന്ന് പ്രിൻറ് ചെയ്യുന്ന മുസ്ഹഫിന്റെ ആദ്യപേജുകളിൽ അല്ലാഹുവിന്റെ 99 പേരുകളും അവസാന ഭാഗത്ത് നബിﷺയുടെ 99 പേരുകളും കൊടുത്തത് കാണാൻ കഴിയും. അവിടെയും അവസാനിക്കുന്നില്ല കാര്യങ്ങൾ! ഇരുനൂറ്, മുന്നൂറ്, ആയിരം പേരുകൾവരെ എഴുതിയുണ്ടാക്കിയതായും കാണാൻ കഴിയും. ഇതിനൊന്നും യാതൊരു അടിസ്ഥാനവുമില്ല എന്നതാണ് നാം മനസ്സിലാക്കേണ്ടത്. ഈ കാര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിയ ആധുനിക പണ്ഡിതനായ അല്ലാമ ബക്ർ അബൂ സയ്ദ്رحمه الله പറയുന്നു:

'പ്രമാണങ്ങളിൽ അടിസ്ഥാനമുള്ള (നബിﷺയുടെ) പേരുകൾ കുറവാണ്. എന്നാൽ വിശേഷണങ്ങൾ ധാരാളമാണ്. അതല്ലാത്തതെല്ലാം അടിസ്ഥാനമില്ലാത്തതാകുന്നു. അതിനാൽ നബിﷺയുടെ മേൽ അതിരുകവിയുന്ന കാര്യങ്ങൾ പ്രയോഗിക്കപ്പെട്ടുകൂടാ...'

(തുടരും)

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# മനുഷ്യൻ, ജീവിതം, ജീവിതലക്ഷ്യം

ആരാണ് മനുഷ്യൻ ?
എന്താണ് ജീവിതം?
എന്താണ് ജീവിതത്തിന്റെ അർഥവും ലക്ഷ്യവും?
പ്രായോഗികമായ മാർഗദർശനം ഏത്?
ഒരു പഠനം.

ഭൂമിയിൽ കരയിലും വെള്ളത്തിലുമായി വ്യത്യസ്ത രൂപത്തിലും പ്രകൃതത്തിലുമുള്ള കോടിക്കണക്കിനു സൂക്ഷ്മ, സ്ഥൂല ജീവിവർഗങ്ങളുണ്ട്. അവയിൽ ഏറെ സവിശേഷതകളുള്ള ഒന്നാണ് മനുഷ്യവർഗം. ക്വുർആൻ പഠിപ്പിക്കുന്നത് ആദം(عليه السلام) എന്ന മനുഷ്യനാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്നും പിന്നീട് അദ്ദേഹത്തിന് ഇണയെ സൃഷ്ടിച്ചു, അങ്ങനെ ലോകത്ത് മനുഷ്യവർഗം പെരുകി എന്നുമാണ്.

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ...” (ക്വുർആൻ 4:1).

മനുഷ്യനെ പോലെ വിശേഷബുദ്ധിയും ചിന്താശേഷിയുമുള്ള, പഠിക്കുവാനും മനസ്സിലാക്കുവാനും കണ്ടെത്തലുകൾ നടത്തുവാനും അതുവഴി പുരോഗതി പ്രാപിക്കുവാനും കഴിയുന്ന മറ്റൊരു സൃഷ്ടിയും ലോകത്തിലില്ല. എന്നാൽ അവൻ ജനിക്കുന്ന സമയത്ത് ഏറെ ദുർബലനും ഒന്നും അറിയാത്തവനുമാണ്. പിന്നീട് ക്രമപ്രവൃദ്ധമായാണ് അവനിൽ കഴിവുകൾ വളർന്നുവരുന്നത്:

“നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്നും നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്തുകൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചയും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി” (ക്വുർആൻ 16:78).

അല്ലാഹു ശ്രേഷ്ഠത നൽകുകയും ആദരിക്കുകയും ചെയ്ത ജീവിയാണ് മനുഷ്യൻ: “തീർച്ചയായും ആദംസന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു” (ക്വുർആൻ 17:70).

### എന്താണ് ജീവിതം?

ഒരു മനുഷ്യൻ ജനിച്ചുവളർന്ന് ജീവിച്ച് മരിക്കുന്നതുവരെയുള്ള ഘട്ടത്തെയാണ് സാധാരണയായി ജീവിതം എന്ന് പറയുന്നത്. മരണത്തോടെ ജീവിതം അവസാനിക്കുന്നു എന്നത് ഒരു സാമാന്യ സങ്കൽപമാണ്. മരണം നശ്വര ജീവിതത്തിൽനിന്ന് അനശ്വര ജീവിതത്തിലേക്കുള്ള പ്രവേശനമാണ് എന്നും മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല, പരലോകം എന്ന കർമഫലം അനുഭവിക്കാനുള്ള വേദി വരാനിരിക്കുന്നു എന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. ചില മതങ്ങൾ ഈ വിഷയത്തിൽ അവ്യക്തങ്ങളായ ചിന്താഗതികളുടെ നൂലാമാലകളിൽ മനുഷ്യനെ ബന്ധിച്ചിടുന്നു. ഭൗതികവാദമാകട്ടെ ഇതിനെ പാടെ നിരാകരിക്കുന്നു.

ജീവിതം ഇഹലോകത്തായാലും പരലോകത്തായാലും സുഖകരമാക്കുവാനാണ് ഓരോ മനുഷ്യനും ആഗ്രഹിക്കുന്നത്. ഏതെങ്കിലും മനുഷ്യർ ജീവിതത്തെ ദുഃഖമയമാക്കാൻ ആഗ്രഹിക്കുന്നില്ല. മനുഷ്യൻ അനുഭവിക്കുന്ന ഈ ജീവിതം മാത്രമാണ് യാഥാർഥ്യം, വരാനുള്ള ജീവിതം സങ്കൽപം മാത്രമാണ് എന്ന് ചിന്തിക്കുന്ന മനുഷ്യർ ഇവിടുത്തെ ജീവിതം പരമാവധി സുഖപ്രദമാക്കുവാൻ പരിശ്രമിക്കുകയും സുഖത്തിന്റെ കാര്യത്തിൽ നിയന്ത്രണങ്ങളും നിയമങ്ങളും വകവെക്കാതെ നീങ്ങുകയും ചെയ്യുന്നു. അവർക്ക് മുന്നിലെ യാഥാർഥ്യം ഈ ജീവിതം മാത്രമാണ്. വരാൻപോകുന്ന വലിയൊരു ജീവിതത്തിന്റെ യാഥാർഥ്യം ഉൾക്കൊള്ളുവാൻ അവരുടെ ബുദ്ധിയും വിവേകവും വികാസം പ്രാപിക്കുന്നില്ല എന്നതാണ് പ്രശ്നം.

ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു മാർഗദർശനം മനുഷ്യരാശിക്ക് ആവശ്യമാണ്. മനുഷ്യന്റെ അവിർഭാവം, വളർച്ച, പരിണാമം, മടക്കയാത്ര, ശേഷം എന്ത് എന്നിങ്ങനെയുള്ള, മനുഷ്യൻ ആദിമകാലം മുതൽക്ക് പിന്തുടർന്നുവന്നിട്ടുള്ള സന്ദേഹങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നതായിരിക്കണം ആ മാർഗദർശനം. അത്തരമൊരു മാർഗദർശനം എവിടെനിന്ന്, എങ്ങനെ മനുഷ്യന് ലഭിക്കും എന്നത് ഒരു വലിയ ചോദ്യമാണ്. ചിലർ ഈ ചോദ്യത്തിന് സ്വന്തമായി ഉത്തരം കണ്ടെത്തി.

> **ഒരു മനുഷ്യൻ ജനിച്ചുവളർന്ന് ജീവിച്ച് മരിക്കുന്നതുവരെയുള്ള ഘട്ടത്തെയാണ് സാധാരണയായി ജീവിതം എന്ന് പറയുന്നത്. മരണത്തോടെ ജീവിതം അവസാനിക്കുന്നു എന്നത് ഒരു സാമാന്യ സങ്കൽപമാണ്. മരണം നശ്വര ജീവിതത്തിൽനിന്ന് അനശ്വര ജീവിതത്തിലേക്കുള്ള പ്രവേശനമാണ് എന്നും മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല, പരലോകം എന്ന കർമഫലം അനുഭവിക്കാനുള്ള വേദി വരാനിരിക്കുന്നു എന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. ചില മതങ്ങൾ ഈ വിഷയത്തിൽ അവ്യക്തങ്ങളായ ചിന്താഗതികളുടെ നൂലാമാലകളിൽ മനുഷ്യനെ ബന്ധിച്ചിടുന്നു. ഭൗതികവാദമാകട്ടെ ഇതിനെ പാടെ നിരാകരിക്കുന്നു.**

അങ്ങനെ അവർ ജീവിതത്തിന് സ്വന്തമായ അർഥങ്ങൾ കണ്ടെത്തുകയും സ്വന്തം ജീവിതപാത സ്വയം നിർണയിച്ചുകൊണ്ട് മുന്നോട്ടുപോയി. എന്നാൽ മനുഷ്യബുദ്ധിയിൽ ഉദിച്ച ഉത്തരങ്ങൾക്കെല്ലാം അവയുടെതായ പരിമിതികൾ ഉണ്ടായിരുന്നു. ജീവിതത്തെക്കുറിച്ച് മനുഷ്യൻ സ്വയം കണ്ടെത്തുന്ന എല്ലാ ഉത്തരങ്ങളും അർഥങ്ങളും ഇടയ്ക്കുവെച്ച് ശിഥിലായിപ്പോവുകയും മറ്റുചിലപ്പോൾ ഉദ്ദേശിക്കാത്ത തകർച്ചകളിൽ മനുഷ്യനെ കൊണ്ടെത്തിക്കുകയും ചെയ്തു. മനുഷ്യനിർമിതങ്ങളായ ജീവിത മാർഗദർശന പദ്ധതികളിലൂടെ മുന്നോട്ട് നീങ്ങിയവയെല്ലാം ചെന്നെത്തിയത് അനിശ്ചിതത്വങ്ങളുടെ വലിയ ശൂന്യതകളിലാണ് എന്നത് ചരിത്രം മാനവതയ പഠിപ്പിച്ച വലിയൊരു പാഠമാണ്. മനുഷ്യന്റെ മാർഗം അവൻതന്നെ തെരഞ്ഞെടുക്കുക അഥവാ ആവിഷ്ക്കരിക്കുക എന്നതിന്റെ പ്രായോഗികതയെ നിഷേധിക്കുന്ന യുക്തികൾ നിരവധിയാണ്. ആ യുക്തികൾക്കുമുന്നിൽ മനുഷ്യനിർമിത ജീവിതനിർവചനങ്ങൾ തകർന്നുപോകുന്നു!

മനുഷ്യൻ എന്നും എവിടെയും എക്കാലവും തന്നെക്കുറിച്ചുതന്നെയുള്ള ഒട്ടേറെ സംശയങ്ങളുടെ തടവറയിലായിരിക്കും. സ്ഥലം, കാലം, സമയം, സംഭവങ്ങൾ എന്നിവയുടെ ബന്ധനത്തിൽനിന്ന് മനുഷ്യജീവിക്ക് മുക്തിയില്ല. മനുഷ്യന്റെ മനസ്സ് അവനെ നിരന്തരം ചലിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിയാണ്. സാഹചര്യം, കാലം, സമയം, സന്ദർഭം, സ്ഥലങ്ങൾ എന്നിവയുടെ പരിമിതിയിൽ നിൽക്കുകയും മനസ്സിന്റെ ഉപകരണമായിത്തീരുകയും ചെയ്യുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനെ സംബന്ധിച്ചുതന്നെ പൂർണമായ ഒരു നിർണയം സാധ്യമല്ല.

## മനുഷ്യബുദ്ധിയുടെ പരിമിതി

അടുത്തനിമിഷം എന്ത് സംഭവിക്കുമെന്ന് ഉറപ്പില്ലാത്ത മനുഷ്യൻ തന്റെ ബുദ്ധിയുടെ അടിസ്ഥാനത്തിൽ തന്നെക്കുറിച്ചുള്ള ഒരു മാർഗദർശനം ആവിഷ്കരിക്കുമ്പോൾ അത് എത്രയുംവേഗം ശിഥിലീകരിക്കപ്പെട്ടുപോയെന്ന് വരാം. സ്ഥലകാലങ്ങളിൽ വർത്തിക്കുക എന്നതിൽകവിഞ്ഞ് സ്ഥലകാലങ്ങളുടെ നിയന്ത്രണം കൈവശമില്ലാത്ത മനുഷ്യൻ ആവിഷ്കരിക്കുന്ന ആശയങ്ങൾ; അതേതുമാവട്ടെ അവ വിജയിക്കുവാൻ സാധ്യതയില്ല. എന്നാൽ മനുഷ്യൻ നേടിയ വിജയങ്ങളെല്ലാം കാര്യകാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപരിപ്ലവ വിജയങ്ങളും ആപേക്ഷികങ്ങളുമാണ്. ഇന്നും ഏത് ശാസ്ത്രമേഖലയിലെയും അവസ്ഥ അതുതന്നെയാണ്. ശാസ്തമേഖലയിൽ മാത്രമല്ല, ജീവിതത്തിലെ ഓരോ അംശത്തിലും. വിഭവസമൃദ്ധമായ ഒരു വിരുന്നിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന മനുഷ്യന് അത് തൃപ്തികരമായി പൂർത്തിയാക്കാൻ, അതിൽനിന്ന് സന്തോഷത്തോടെ പിരിയാൻ സാധിക്കുമെന്ന് യാതൊരുറപ്പുമില്ല. ചുണ്ടോടടുപ്പിച്ച ചഷകം വീണു തകർന്നുപോകുന്ന കാൽപനിക ഭാവനയ്ക്ക് വ്യക്തമായ അനുഭവങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ദാർശനിക സമ്പന്നതയുണ്ട്. ജീവിതമാകുന്ന ചഷകം ഏതുനിമിഷവും വീണ് തകർന്നുപോയേക്കാം. കാരണം അത് മനുഷ്യന്റെ നിയന്ത്രണത്തിലുള്ളതല്ല.

മനുഷ്യമാർഗദർശനത്തിന്റെ അടിത്തറ മനുഷ്യചിന്തയോ ബുദ്ധിയോ അനുഭവങ്ങളോ ആകാവുന്നതല്ല. മനുഷ്യാതീതമായ ഒരു കേന്ദ്രത്തിൽനിന്ന് മനുഷ്യൻ അവന്റെ മാർഗദർശനം കണ്ടെത്തുക എന്നതാണ് സ്വാഭാവികമായും ആവശ്യമായിവരുന്നത്. തന്നെ അടുത്തനിമിഷത്തിലേക്ക് നയിക്കാനുള്ള യഥാർഥ ശേഷി ഉടമയാക്കിയ ഒരു ശക്തിയിലായിരിക്കം മനുഷ്യൻ ആശ്രയം കണ്ടെത്തേണ്ടത്. ആ ശക്തി പ്രപഞ്ചസ്രഷ്ടാവല്ലാതെ മറ്റാരുമല്ല.

## പ്രത്യയശാസ്ത്രങ്ങൾ

‘സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും’–ഈ ആശയമുള്ള വരികൾ പല കവികളും പല കാലങ്ങളിലായി പറഞ്ഞിട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ

> **“ അടുത്തനിമിഷം എന്ത് സംഭവിക്കുമെന്ന് ഉറപ്പില്ലാത്ത മനുഷ്യൻ തന്റെ ബുദ്ധിയുടെ അടിസ്ഥാനത്തിൽ തന്നെക്കുറിച്ചുള്ള ഒരു മാർഗദർശനം ആവിഷ്കരിക്കുമ്പോൾ അത് എത്രയുംവേഗം ശിഥിലീകരിക്കപ്പെട്ടുപോയെന്ന് വരാം. സ്ഥലകാലങ്ങളിൽ വർത്തിക്കുക എന്നതിൽകവിഞ്ഞ് സ്ഥലകാലങ്ങളുടെ നിയന്ത്രണം കൈവശമില്ലാത്ത മനുഷ്യൻ ആവിഷ്കരിക്കുന്ന ആശയങ്ങൾ; അതേതുമാവട്ടെ അവ വിജയിക്കുവാൻ സാധ്യതയില്ല. എന്നാൽ മനുഷ്യൻ നേടിയ വിജയങ്ങളെല്ലാം കാര്യകാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപരിപ്ലവ വിജയങ്ങളും ആപേക്ഷികങ്ങളുമാണ്. ഇന്നും ഏത് ശാസ്ത്രമേഖലയിലെയും അവസ്ഥ അതുതന്നെയാണ്. ”**

ദുരന്തമുഖങ്ങളിൽ ആശ്രയവും അഭയവുമായി വർത്തിക്കുന്ന പ്രത്യയശാസ്ത്രമാണ് മനുഷ്യന്നാവശ്യം എന്ന ആശയം ധ്വനിപ്പിക്കുന്ന വരികളാണിവ. എന്നാൽ ഏതൊരു പ്രത്യയശാസ്ത്രത്തിനാണ് മനുഷ്യനെ യഥാർഥ രീതിയിൽ സ്നേഹിക്കാനും സമാശ്വസിപ്പിക്കാനും കഴിയുക? മനുഷ്യധിഷണയുടെ സംഭാവനകളും മനുഷ്യകർമത്തിന്റെ അംശങ്ങളും കലർന്നിട്ടുള്ള പ്രത്യയശാസ്ത്രങ്ങളും ചിന്തകളും അവയുടെ പുതുമോടിക്കുശേഷം നിറംമങ്ങിയും കെട്ടടങ്ങിയും കാലത്തിന്റെ വിസ്മൃതിയിൽ അലിഞ്ഞലിഞ്ഞ് ഇല്ലാതെയാകുന്നു. മനുഷ്യസ്നേഹത്തിന്റെയും മനുഷ്യസാന്ത്വനത്തിന്റെയും ആശ്വാസത്തിന്റെയും തത്ത്വശാസ്ത്ര വാക്യങ്ങൾ ഉരുവിട്ട് കഴിഞ്ഞുപോയ നിരവധി പ്രത്യയശാസ്ത്രങ്ങൾ ചരിത്രത്തിൽ കാണാം. അവയുടെ ഘടനകൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുക അവ മനുഷ്യന്റെ ഏതെങ്കിലും ചില പ്രത്യേക വിഷയങ്ങളെയോ മേഖലകളെയോ സ്പർശിക്കുന്നവ മാത്രമായിരിക്കും എന്നാണ്. സാമ്പത്തിക പ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, ബൗദ്ധികപ്രശ്നങ്ങൾ, വൈജ്ഞാനിക പ്രശ്നങ്ങൾ, ആവാസ പരിസരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിങ്ങനെ അവയുടെ പരിധികൾ ഹ്രസ്വങ്ങളായിരിക്കും. എന്നാൽ മനുഷ്യജീവിതത്തിൽ ആവിർഭവിക്കുന്ന പ്രശ്നങ്ങൾ എല്ലായ്പ്പോഴും ഒരേ സ്വഭാവമുള്ളവയായിരിക്കില്ല. ബഹുവിധ പ്രശ്നങ്ങളായിരിക്കും മനുഷ്യരാശിക്ക് നേരിടേണ്ടിവരുന്നത്. അവ സമഗ്രസ്വഭാവമുള്ളവയായിരിക്കില്ല.

മനുഷ്യനിലെ ദുഃഖങ്ങൾ പലപ്പോഴും പലവിധത്തിലായിരിക്കും. സമ്പത്ത് മാത്രമാണ് ദുഃഖത്തിന്റെ പ്രതിവിധി എന്ന് ചിന്തിക്കുന്ന വ്യവസ്ഥിതിക്ക് മനുഷ്യന്റെ ആത്മീയപ്രതിസന്ധി പരിഹരിക്കാനാവില്ല. സ്ഥിതിസമത്വമാണ് പരിഹാരമെന്ന് ചിന്തിക്കുമ്പോൾ വൈയക്തിക പ്രശ്നങ്ങൾ ബാക്കിയാവുന്നു. ഇങ്ങനെ മനുഷ്യൻ അവന്റെ പ്രശ്നങ്ങളെ കണ്ടെത്തുകയും അവയ്ക്ക് പരിഹാരം ആരായുകയും ചെയ്യുന്ന എല്ലാ വ്യവസ്ഥിതികളും സംവിധാനങ്ങളും അപൂർണങ്ങളായി തുടരുന്നു.

ഒരു പ്രത്യേക സ്ഥലം, കാലം, സമയം, സന്ദർഭം എന്നിവയുമായും ഒരു പ്രത്യേക അവസ്ഥയുമായും ബന്ധപ്പെട്ട പ്രശ്നപരിഹാര വൃത്തങ്ങൾക്ക് മനുഷ്യരിലെ എല്ലാ പ്രശ്നങ്ങളുടെയും സമഗ്രമായ പരിഹാര കേന്ദ്രമായി ഒരു തത്ത്വത്തെ, ഒരാശയത്തെ ചൂണ്ടിക്കാണിക്കാൻ കഴിയില്ല. ഈ ഏറ്റവും വലിയ പ്രതിസന്ധിയാണ് ലോകത്ത് എല്ലാ പ്രത്യയശാസ്ത്രങ്ങളുടെയും തകർച്ചയുടെ അടിസ്ഥാന കാരണം. മനുഷ്യന്റെ സ്ഥിതിഗതികളിൽ വരുന്ന മാറ്റം, അവന്റെ ആന്തരികവും ബാഹ്യവുമായ മേഖലകളിലെ ഏറ്റ വ്യത്യാസങ്ങൾ എന്നിവയൊക്കെയും ഒരു പ്രത്യയശാസ്ത്രത്തിന്റെ കാര്യക്ഷമത നിർണയിക്കുന്ന തിൽ പരിഗണിക്കേണ്ടിവരുന്ന ഘട്ടങ്ങളാണ്. അത്തരം ഘട്ടങ്ങളിലെല്ലാം ശിഥിലീകരിക്കപ്പെടാതെയും ഊർജനഷ്ടം സംഭവിക്കാതെയും നിലനിൽക്കുവാൻ കഴിയേണ്ടതുണ്ട്.




മാനവചരിത്രം മണ്ണടിഞ്ഞുപോയ പ്രത്യയശാസ്ത്രങ്ങളുടെ ഒരു ശവപ്പറമ്പ് കൂടിയാണ്. ചിലവയുടെ അസ്ഥികളും മറ്റും ഇന്നും കാണാം. ചിലവ വിസ്മൃതിയുടെ അഗാധതയിലേക്ക് ആഴ്ന്നിറങ്ങിപ്പോയിരിക്കുന്നു. ആവിർഭാവകാലത്ത് 'വസന്തത്തിന്റെ വരവറിയിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ' എന്ന് വാഴ്ത്തപ്പെട്ടവ പിന്നീട് മനുഷ്യചരിത്രത്തിലെ കൊടുംവേനലുകൾ സമ്മാനിച്ചുപോയിട്ടുണ്ട്. പുതിയ പ്രതീക്ഷകൾ നൽകി ആവിർഭവിച്ച ചിന്താധാരകൾ കാലത്തിന്റെ അനിർവചനീയങ്ങളായ ഗതിമാറ്റങ്ങളിൽ അടിപതറിവീണ് ചിതറിത്തെറിച്ചു പോയിട്ടുണ്ട്. വിപ്ലവത്തിന്റെ പടഹധ്വനി ഉയർത്തി കടന്നുവന്നവ വിലാപത്തിന്റെ നേർത്ത ശബ്ദങ്ങളായി കെട്ടടങ്ങിയിട്ടുണ്ട്. കൊടുങ്കാറ്റിന്റെ വേഗതയോടെ കടന്നുവന്നവ നേർത്ത ചലനംപോലും ശേഷിപ്പിക്കാതെ വിദൂരതയിൽ ലയിച്ചുപോയിട്ടുണ്ട്. വെള്ളിവെളിച്ചം പകർന്ന് കടന്നുവന്നവ തമസ്സിന്റെ മഹാഗർത്തങ്ങളിലേക്ക് വീണുപോയിട്ടുണ്ട്. അങ്ങനെ എത്രയെത്ര തകർച്ചകൾ!

### മനുഷ്യൻ: നിർവചനങ്ങൾ

മനുഷ്യനെ നിർവചിക്കുവാൻ പല പ്രത്യയശാസ്ത്രങ്ങളും ചിന്തകരും പരിശ്രമിച്ചിട്ടുണ്ട്. ബുദ്ധി, ചിന്ത, വിവേകം, കർമം, യുക്തി, സൃഷ്ടിപരത, ഭാവന, സൗന്ദര്യബോധം, ആത്മീയത, മാനുഷികത എന്നിത്യാദി വിവിധ വശങ്ങളെ അടിസ്ഥാനമാക്കിയാണ് മനുഷ്യനിർവചനങ്ങൾ ഉണ്ടായിട്ടുള്ളത്. ചിന്തിക്കുന്ന മൃഗം, ചിരിക്കുന്ന ജീവി എന്നിങ്ങനെയുള്ളവയൊക്കെ അത്തരം നിർവചനങ്ങളിൽ ചിലത് മാത്രമാണ്. മനുഷ്യനെ അവന്റെ ബാഹ്യവും ആന്തരികവുമായ ഘടകങ്ങളും സ്വഭാവങ്ങളും പരിഗണിച്ച് നിർവചിക്കുകയും ആ നിർവചനം എക്കാലത്തേക്കും ബാധകമായിരിക്കുകയും ചെയ്യുന്ന അനുഭവം ഇത്തരം നിർവചന ശ്രമങ്ങളിൽ നിന്ന് ഇതുവരെയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. എന്നാൽ മനുഷ്യനിൽ സ്വാഭാവികമായ ഒരു നിർവചനം അന്തർലീനമായികിടക്കുന്നുണ്ട്. സ്രഷ്ടാവിന്റെ സൃഷ്ടി, ഒരു മഹാശക്തിയുടെ ദാസൻ എന്നതാണാ നിർവചനത്തിന്റെ അടിസ്ഥാനതലം. ഇത് തിരിച്ചറിയുവാൻ കഴിയുക എന്നതാണ് മനുഷ്യന് അവനെ കണ്ടെത്തുവാനുള്ള ഏകമാർഗം. മനുഷ്യനിൽ അവനു തന്നെയും ദുർഗ്രഹങ്ങളായ നിരവധി ഘടകങ്ങളും അവസ്ഥകളും ഉൾച്ചേർന്നുകിടക്കുന്നതിനാൽ ഏറ്റവും യുക്തിഭദ്രമായ നിർവചനം മേൽപറഞ്ഞതുതന്നെയാണ്. ഒരുകാലത്തും മാറ്റംവരാത്തതും ശാശ്വതമായ സത്യമായിരിക്കുന്നതും മനുഷ്യന്റെ ഏതവസ്ഥകളിലും പാകമായിട്ടുള്ളതുമായ വേറെ ഏതൊരു നിർവചനമാണുള്ളത്? ചിന്തിക്കുന്ന മൃഗം ചിപ്പോൾ ചിന്താശൂന്യനാകുന്നു. ചിരിക്കുന്ന മൃഗം ചിലപ്പോൾ നിലവിളിച്ച് കരയുന്നു. എന്നാൽ ഈ സ്ഥിതിയിലൊന്നും അവൻ സ്രഷ്ടാവിന്റെ സൃഷ്ടിയല്ലാതാകുന്നില്ല; അവന്റെ ദാസനല്ലാതാകുന്നില്ല. ഏതവസ്ഥയിലും ഉപകാരപ്പെടുന്ന ഒരു തത്ത്വശാസ്ത്രംആ നിർവചനത്തിലുണ്ട്. ചിരിക്കാൻ കഴിയുമ്പോഴും കഴിയാത്തപ്പോഴും ചിന്തിക്കാൻ കഴിയുമ്പോഴും കഴിയാത്തപ്പോഴും ആശ്രയിക്കാൻ കഴിയുന്ന ഒരു അധീശശക്തി തനിക്ക് ആശ്രയമായുണ്ട് എന്ന പ്രത്യാശയാണ് ആ തത്ത്വശാസ്ത്രം.

> നഗരവൽകൃതവും ആന്തരികവുമായ ജീവിതം അതിന്റെ ഉപരിതല സൗന്ദര്യത്തിനകത്ത് കനത്ത അസ്തിത്വ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണിന്ന്. രാപ്പകലുകൾ വ്യത്യാസമില്ലാതെ നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന നഗരജീവിതത്തിന്റെയും ആധുനിക ഉപഭോഗങ്ങളുടെയും തൃഷ്ണകൾ കെട്ടടങ്ങുന്നില്ല. എന്നാൽ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് തിരിഞ്ഞുനോക്കാനുള്ള ചില പ്രേരണകളെങ്കിലും ആധുനിക മനുഷ്യന് അവന്റെ യാന്ത്രിക ജീവിതത്തിനിടയിൽ ഉണ്ടാകുന്നുണ്ട്. അവയാകട്ടെ വ്യർഥങ്ങളായ ആലോചനകളിൽ ഒടുങ്ങുകയും വ്യക്തമായ ആദർശങ്ങളുടെയോ ലക്ഷ്യങ്ങളുടെയോ ഫലം നൽകാനാവാതെ അവസാനിക്കുകയും ചെയ്യുന്നതായാണ് അനുഭവം. ഇത്തരം അന്വേഷണങ്ങളെ തോന്നലുകൾ എന്നുമാത്രമെ വിളിക്കാനാവൂ. അവ കൃത്യമായ ഫലങ്ങൾ ഉൽപാദിപ്പിക്കുന്നില്ല എന്നതുതന്നെ കാരണം.

### ലക്ഷ്യം തേടി

എന്താണ് ജീവിതം, എന്താണ് ജീവിതത്തിന്റെ അർഥവും ലക്ഷ്യവും, എവിടേക്കാണ് ജീവിതത്തിന്റെ ഗതിയും പ്രവാഹവും എന്നിത്യാദി കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ മനുഷ്യരാശിയുടെ ഇടയിൽ എക്കാലത്തും നടന്നിട്ടുണ്ട്. ഏതെങ്കിലുമൊരു ജീവിതദർശനത്തെ അടിസ്ഥാനമാക്കിയുള്ള ആരായലുകളും അന്വേഷണങ്ങളും എന്ന നിലയിൽ മാത്രമല്ല, പ്രത്യേകിച്ച് ഒരു ചട്ടക്കൂടിന്റെയും സഹായമില്ലാതെയും ജീവിതത്തെക്കുറിച്ചുള്ള മനുഷ്യന്റെ ചിന്തകളും അന്വേഷണങ്ങളും നടന്നുകൊണ്ടിരുന്നതായി കാണാം. മനുഷ്യൻ ഭൗതികജീവിതത്തിന്റെ വ്യാപൃതിയിലും വിധേയത്വത്തിലും ആഴ്ന്നിരിക്കവേതന്നെ അവന്റെയുള്ളിൽ ജീവിതത്തെക്കുറിച്ചുള്ള സന്ദേഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ് അനുഭവം. തന്റെ ജീവിതം നീങ്ങുന്നത് ശരിയായ ദിശയിലാണ് എന്ന പരിശോധനയോടൊപ്പമാണ് ഇത്തരം സംശയങ്ങളും പുനരാലോചനകളും സംഭവിക്കുന്നതെങ്കിൽ അതുകൊണ്ട് ജീവിതത്തിൽ നേട്ടങ്ങളുണ്ടാകും. മറിച്ച് ഭൗതിക വിധേയത്വത്തിന്റെയും സുഖലോലുപതക്ക് മുൻതൂക്കം നൽകുന്ന ജീവിത ദർശനത്തിന്റെയും അടിമയായി നിന്നുകൊണ്ടുള്ള ഉപരിതലസ്പർശിയായ ആലോചനകളാണ് അവയെങ്കിൽ അവ നിഷ്ഫലമായിത്തീരുകയും ചെയ്യും.

നഗരവൽകൃതവും ആന്തരികവുമായ ജീവിതം അതിന്റെ ഉപരിതല സൗന്ദര്യത്തിനകത്ത് കനത്ത അസ്തിത്വ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണിന്ന്. രാപ്പകലുകൾ വ്യത്യാസമില്ലാതെ നിരന്തരം



ചലിച്ചുകൊണ്ടിരിക്കുന്ന നഗരജീവിതത്തിന്റെയും ആധുനിക ഉപഭോഗങ്ങളുടെയും തൃഷ്ണകൾ കെട്ടടങ്ങുന്നില്ല. എന്നാൽ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് തിരിഞ്ഞുനോക്കാനുള്ള ചില പ്രേരണകളെങ്കിലും ആധുനിക മനുഷ്യന് അവന്റെ യാന്ത്രിക ജീവിതത്തിനിടയിൽ ഉണ്ടാകുന്നുണ്ട്. അവയാകട്ടെ വ്യർഥങ്ങളായ ആലോചനകളിൽ ഒടുങ്ങുകയും വ്യക്തമായ ആദർശങ്ങളുടെയോ ലക്ഷ്യങ്ങളുടെയോ ഫലം നൽകാനാവാതെ അവസാനിക്കുകയും ചെയ്യുന്നതായാണ് അനുഭവം. ഇത്തരം അന്വേഷണങ്ങളെ തോന്നലുകൾ എന്നുമാത്രമെ വിളിക്കാനാവൂ. അവ കൃത്യമായ ഫലങ്ങൾ ഉൽപാദിപ്പിക്കുന്നില്ല എന്നതുതന്നെ കാരണം.

## ദർശനങ്ങൾ

പാശ്ചാത്യവും പൗരസ്ത്യവുമായ നിരവധി ദർശനങ്ങൾ മാനവരാശിയുടെ ചരിത്രത്തിൽ ഇടപെടുകയുണ്ടായിട്ടുണ്ട്. ജീവിതത്തിന്റെ സൗന്ദര്യാത്മക ഘടകങ്ങൾ അന്വേഷിക്കുന്നതിനുള്ള ആശയങ്ങൾ എന്ന നിലയിൽ പരിഗണിക്കപ്പെടുന്നവയാണ് ദർശനങ്ങൾ. ഏതൊരു ദർശനത്തിന്റെയും കാതൽ ജീവിതത്തെ ഒരു പുതിയ സൗന്ദര്യചിന്തയുടെ അടിസ്ഥാനത്തിൽ നോക്കിക്കാണുക എന്നതായിരിക്കും. ജീവിതത്തെ നിർണയിക്കുകയും നിർവചിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നവയാണ് ദർശനങ്ങൾ. മതബാഹ്യദർശനങ്ങൾക്ക് എക്കാലത്തും മനുഷ്യരെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടുണ്ട്. അസ്തിത്വവാദം, സൂക്ഷ്മഭൗതികവാദം, മാനവവാദം തുടങ്ങിയ പല ദർശനങ്ങളും കഴിഞ്ഞ നാലു നൂറ്റാണ്ടുകൾക്കിടയിൽ മനുഷ്യജീവിതം, നിലനിൽപ്പ്, ഭാവി എന്നിത്യാദി വിഷയങ്ങളിൽ വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഭൗതിക തൃഷ്ണകളുടെയും വൈകാരിക സമ്മർദങ്ങളുടെയും ഇടയ്ക്ക് മനുഷ്യജീവിതത്തിന്റെ അർഥം കണ്ടെത്തുവാൻ നടത്തിയ ഉപരിതല പരിശ്രമങ്ങൾ എന്ന നിലയിലാണ് ഇവയുടെയെല്ലാം പരാജയം സംഭവിച്ചത്.

മനുഷ്യനെ ഭൗതികമായ പരികൽപനകൾക്കകത്ത് തളച്ചിട്ടുകൊണ്ടുതന്നെ അവനിലെ യാഥാർഥ്യത്തെ ആരായുകയാണ് സത്താവാദമെന്ന് വിവക്ഷിക്കപ്പെട്ട ഭൗതികദർശനം ചെയ്തത്. അതീതമാനവനും സ്വാഭാവിക ജീവിയുമായ വൈരുധ്യസ്വഭാവമുള്ള മനുഷ്യനെ ആവിഷ്കരിക്കുവാനാണ് പാശ്ചാത്യർ ആവിഷ്കരിച്ച ചില ആത്മീയ ദർശനങ്ങൾ ശ്രമിച്ചത്. 'ആത്യന്തികമായ ഉൺമയുമായുള്ള മനുഷ്യസത്തയുടെ ഏകത്വാനുഭാവം' തുടങ്ങി, ആധ്യാത്മികതക്ക് ചില പാശ്ചാത്യർ നൽകിയ നിർവചനങ്ങൾ അത്യധികം വൈരുധ്യങ്ങൾ നിറഞ്ഞതും ജുഗുപ്സാവഹങ്ങളുമായിരുന്നു. സ്രഷ്ടാവ്-സൃഷ്ടി ബന്ധത്തിന്റെ വൈവിധ്യവശങ്ങളിലേക്ക് ശരിയാംവിധം കടന്നുചെല്ലുവാൻ കഴിയാത്തതിന്റെ വിഷമതകളിൽനിന്നും ഉരുത്തിരിഞ്ഞ അവ്യക്തതകളും ജൽപനങ്ങളുമായിരുന്നു ഇത്തരം ദർശനങ്ങളുടെ ഘടനയെ നിർണയിച്ചുകൊണ്ടിരുന്നത്. മനുഷ്യജീവിതത്തിൽ ആവശ്യമായ മാർഗദർശനങ്ങൾ നൽകുവാൻ അവയ്ക്ക് കഴിയുമായിരുന്നില്ല.

## സാഹിത്യവും ജീവിതവും


വിവര സാങ്കേതികവിദ്യയുടെ വ്യാപനത്തോടെ സാഹിത്യവുമായുള്ള മനുഷ്യരാശിയുടെ ബന്ധം ഒരൽപം കുറഞ്ഞിട്ടുണ്ടെങ്കിലും അക്ഷരങ്ങളിലൂടെ ആവിഷ്കരിക്കപ്പെട്ട സത്യങ്ങളും ജീവിതാന്വേഷണങ്ങളും ഇന്നും മാനരാശിക്ക് വഴികാട്ടുന്നുണ്ട്. ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും ജീവിതത്തിന്റെ അനിവാര്യഘടകമായി മാറിയതോടെ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള വിജ്ഞാനകൈമാറ്റം വിപുലമായി.


മനുഷ്യരാശിയുടെ വിജ്ഞാനവും ചിന്തയും വ്യാപിപ്പിക്കുകയും അവയുടെ ഫലങ്ങൾ പരസ്പരം പങ്കുവെക്കുകയും ചെയ്യുന്നതിൽ അക്ഷരങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. ജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ, അന്വേഷണങ്ങൾ, ആരായലുകൾ, ആവിഷ്കാരങ്ങൾ എന്നിവയ്ക്കും അക്ഷരങ്ങൾ മാധ്യമങ്ങളായിത്തീർന്നിട്ടുണ്ട്. ലോകത്തിലെ വിവിധ ഭാഷകളിലും സാഹിത്യ കൃതികളിലുമായി വ്യാപിച്ചുകിടക്കുന്ന മനുഷ്യജീവിതത്തിന്റെ വൈവിധ്യ പൂർണങ്ങളായ ആവിഷ്കാരങ്ങൾ, ഒരുവശത്ത് ജീവിതത്തെ അന്വേഷണാത്മകമായി സമീപിക്കുമ്പോൾ മറുവശത്ത് നിഷേധാത്മകമായ സമീപനമാണ് പ്രകടിപ്പിച്ചുവന്നത്. ജീവിതത്തിന് അർഥം കാണുന്നവയും ജീവിതത്തിന് യാതൊരു അർഥവുമില്ലെന്ന് പ്രഖ്യാപിക്കുന്നവയും ജീവിതത്തിന് ഒരർഥം കണ്ടെത്താം എന്ന സാധ്യത ആവർത്തിക്കുന്നവയും ജീവിതം ലക്ഷ്യാധിഷ്ഠിതമായ ഒരു സൃഷ്ടിയാണ് എന്ന് വെട്ടിത്തുറന്ന് പറയുന്നവയുമുണ്ട് അവയിൽ. വിവിധ കഥകളും കഥാപാത്രങ്ങളും ജീവിത സന്ദർഭങ്ങളുമായി വ്യാപിച്ചുകിടക്കുന്ന ലോകഭാഷകളിലെ മനുഷ്യജീവിത കഥനങ്ങൾ പരിശോധിച്ചാൽ നന്മതിന്മകൾ കൂടിക്കലർന്ന ഒരു വലിയ ലോകമാണ് കണ്ടെത്തുവാൻ കഴിയുക. ജീവിതത്തെ അതർഹിക്കുന്ന നിലയിൽ ആവിഷ്കരിക്കുവാൻ കഴിയുന്ന ഒരു സാഹിത്യം മനുഷ്യസംഭാവന എന്ന നിലയിൽ ഉണ്ടായിട്ടില്ല എന്നുതന്നെ പറയാം. സഹസ്രകോടി മനുഷ്യ ജീവിതങ്ങളുടെ ഭിന്നങ്ങളായ അനുഭവങ്ങൾ എഴുതി നിറക്കുന്ന സാഹിത്യങ്ങൾ ജീവിതത്തിന്റെ സങ്കീർണതകൾ ചൂണ്ടിക്കാണിക്കുന്നതിൽ വിജയിച്ചിരിക്കാം. എന്നാൽ, ജീവിതത്തിന് അർഥവും വ്യാപ്തിയും നൽകുകയും ജീവിതത്തെ ക്രിയാത്മകമായി സമീപിക്കുകയും ഭൗതികവും ആത്മീയവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയും ചെയ്യുന്നതിൽ അവയത്രയും പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഓരോ മനുഷ്യജീവിതവും അതിന്റെ ഉള്ളടക്കത്തിൽ സ്വയം ഓരോ ഗ്രന്ഥമാണ് എന്നത് വിസ്മരിക്കാവുന്ന കാര്യമല്ല.

### വേദഗ്രന്ഥങ്ങൾ

ലോകത്ത് വിവിധ മതങ്ങളുണ്ട്. അവ അംഗീകരിക്കുന്ന വേദഗ്രന്ഥങ്ങളുമുണ്ട്. എന്നാൽമനുഷ്യജീവിതത്തിന് വ്യക്തമായ ഒരു ഘടനയും പദ്ധതിയും ലക്ഷ്യാധിഷ്ഠിതമായ മാർഗവും നൽകുന്ന കാര്യത്തിൽ എത്രവേദങ്ങൾ എന്തൊക്കെ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട് എന്ന് അന്വേഷിക്കുമ്പോൾ ലഭിക്കുന്നത് മനുഷ്യന് ഗുണങ്ങളായവ വളരെ പരിമിതമാണ് എന്നാണ്. മനുഷ്യകരങ്ങളുടെ ഇടപെടലുകൾ മൂലം ജീവിതത്തിന്റെ വൈവിധ്യാധിഷ്ഠിത മുഖങ്ങൾ ആവിഷ്കരിക്കുന്ന നിരവധി സാഹിത്യങ്ങൾ പോലെത്തന്നെ ചില വേദങ്ങളും അവയുടെ അവ്യക്തങ്ങളായ ആശയാവിഷ്കാരങ്ങൾ കൊണ്ട് മാനവരാശിയെ ലക്ഷ്യബോധമില്ലായ്മയിൽ അകപ്പെടുത്തിയതായി കാണാം. എന്നാൽ ക്വുർആൻ ജീവിതത്തെ വളരെ ഗൗരവപൂർവം പരിഗണിക്കുകയും ജീവിതത്തിന് വ്യക്തമായ ലക്ഷ്യം ചൂണ്ടിക്കാണിക്കുകയും ആ ലക്ഷ്യത്തിലേക്കുള്ള ഋജുവായ മാർഗം ഏതെന്ന് സംശയാതീതമായി വെളിപ്പെടുത്തുകയും ചെയ്യുന്നു.

“തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവർക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)”(ക്വുർആൻ 17:9,10).





## ഇസ്‌ലാമിന്റെ മാർഗദർശനം

ഇസ്‌ലാം എല്ലാ അർഥത്തിലും ജീവിതലക്ഷ്യം പകർന്നുനൽകുന്നു. ഏകനായ സ്രഷ്ടാവിലുള്ള വിശ്വാസമാണ് അതിന്റെ ആദ്യപടി. ഇസ്‌ലാം വിശ്വാസത്തെ സവിശേഷമായ ഒരു അറിവും അനുഭവവുമാക്കുന്നു. സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ മാർഗദർശനം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. അതിലൂടെയാണ് ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം സഫലീകരുക്കുവാൻ സാധിക്കുക. സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ.

"...എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (ക്വുർആൻ 2:28).

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (ക്വുർആൻ 7:3).

ജീവിതം അതിന്റെ ദിശയിലും വിശ്വാസം അതിന്റെ ദിശയിലും നീങ്ങുകയും ജീവിതത്തെ സ്വാധീനിക്കുന്ന രൂപത്തിൽ വിശ്വാസം ഉപയോഗിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. വ്യക്തിയുടെ ജീവിതത്തിൽ സമൂലമായി സ്വാധീനം ചെലുത്തുകയും വാക്കുകളെയും വികാരങ്ങളെയും വിചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്യുന്ന ഘടകമായി വിശ്വാസം മാറേണ്ടതുണ്ട്. കർമങ്ങളിലേക്കുള്ള പ്രേരണകൾ വിശ്വാസത്തിൽനിന്നും ലഭിച്ചില്ലെങ്കിൽ വിശ്വാസം കേവലം മാനസികമായ പ്രവൃത്തി മാത്രമായിത്തീരും. അതുകൊണ്ടാണ് 'വിശ്വസിച്ചവരും സൽകർമങ്ങൾ പ്രവർത്തിച്ചവരും' എന്ന് വിശുദ്ധ ക്വുർആൻ പലയിടങ്ങളിൽ പറഞ്ഞത്.

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്നപക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (ക്വുർആൻ 24:55).

സ്രഷ്ടാവിന്റെ വിധിവിലക്കുകളും കൽപനകളും നിഷേധങ്ങളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുകയും സംസ്കരിക്കുകയും പരിപാലിക്കുകയും അർഥവത്തായ ജീവിത വിനിയോഗത്തിന് പ്രാപ്തമാക്കുകയും പാഴായിപ്പോകുന്നതിൽനിന്ന് ജീവിതത്തെയും അതിലെ ഓരോ നിമിഷത്തെയും പ്രതിരോധിക്കുകയും ചെയ്യുന്നു.

ഭൗതിക ജീവിതവീക്ഷണങ്ങളുടെ ഹ്രസ്വമായ ജീവിതസങ്കൽപങ്ങളെ നിരാകരിക്കുന്ന ഒന്നാണ് ഇസ്‌ലാമിന്റെ പരലോക വീക്ഷണം. ശരാശരി അറുപതോ എഴുപതോ വർഷങ്ങൾ നീളുന്ന ആധുനിക മനുഷ്യന്റെ ഭൗതികജീവിതത്തെ അതിന്റെ ഹ്രസ്വതയിൽ തന്നെ ആസ്വാദ്യമാക്കിത്തീർക്കാനാണ് ഭൗതികവാദികളുടെ മോഹം. അതേസമയം പരലോകവിശ്വാസം ഒരനിവാര്യഘടകമായി പഠിപ്പിക്കുന്ന ഇസ്‌ലാം മനുഷ്യജീവിതം അതിന്റെ ഭൗതികമായ ഹ്രസ്വതയ്ക്കപ്പുറം പാരത്രിക ലോകത്ത് അനന്തമായി നീണ്ടുകിടക്കുന്നു എന്ന് വ്യക്തമാക്കുന്നു.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# പടച്ചോന്റെ വേണ്ടുക



അങ്ങനെ കേരളത്തിൽ തിരിച്ചെത്തി. വിമാനത്താവളത്തിൽ ടാക്സി കാത്തുനിന്നപ്പോൾ ആശ്വാസം. പടച്ചവന് സ്തുതി. ആറുനാൾ മുമ്പ് പോയതാണ്. ഭാര്യയും രണ്ടു മക്കളും ഭാര്യാസഹോദരിയും ഭർത്താവും അടക്കം ആറു പേരുണ്ട് സംഘത്തിൽ.

കുട്ടിക്കാലം മുതൽ ഖൽബിൽ കേറിപ്പറ്റിയ കാശ്മീർ സന്ദർശിക്കുക എന്ന ആഗ്രഹം സഫലമായിരിക്കുന്നു. മൂന്നുവർഷം മുമ്പ് ഒന്ന് ഒരുങ്ങിയതാണ്. മൂന്ന് ഔദ്യോഗിക സുഹൃത്തുക്കളും കുടുംബവുമൊത്ത്. തീയതി തീരുമാനിച്ചു. വിമാന ടിക്കറ്റ് എടുത്തു. പക്ഷേ, വിധിയുണ്ടായില്ല. പാർലമെന്റ് ബൈ ഇലക്ഷൻ പ്രഖ്യാപിച്ചു. റിട്ടേണിങ് ഓഫീസർ ആണ് ഒരാൾ! ക്യാൻസൽ ചെയ്തു. കാശും പോയി. യാത്ര മുടങ്ങി വഷളായ കാര്യം മക്കൾ ഇടയ്ക്ക് ഓർമിപ്പിക്കാറുണ്ട്. പോകണം എന്ന ഓർമപ്പെടുത്തൽ കൂടിയാണല്ലോ അത്.

ഇത്തവണ ഒരുങ്ങി. സഹപ്രവർത്തകനും കുടുംബവും റെഡി. ആലോചനകളും ആസൂത്രണവും മറ്റും ശരിയായി. അപ്പോൾ സ്കൂൾ തുറന്നു. പത്താം ക്ലാസിൽ മകൾ പഠിക്കുന്നു, സുഹൃത്ത് ക്ഷമ ചോദിച്ച് പിൻവാങ്ങി. എന്തായാലും പോകാൻ റെഡിയായി. ഭാര്യാസഹോദരിയും ഭർത്താവും റെഡി. തീയതി തീരുമാനമാക്കി.

ടിക്കറ്റ് ബുക്ക് ചെയ്തു. ലീവ് കിട്ടണം, ചാർജ് കൊടുക്കണം. അത് കിട്ടാൻ വൈകി. ടെൻഷൻ.

രാവിലെ 9.20ന് ബുക്ക് ചെയ്ത വിമാനം കോവിഡ് കാരണം ക്യാൻസൽ ആയി. പിന്നെ വിമാനം രാവിലെ 6ന്. തലേന്ന് വൈകുന്നേരം കാറിൽ 150 കിലോ മീറ്റർ യാത്ര ചെയ്ത് നഗരത്തിലെത്തി. ബന്ധു വീട്ടിൽ താമസിച്ചു. പുലർച്ചെ 3ന് ടാക്സി ബുക്ക് ചെയ്തു. ഭക്ഷണം കഴിഞ്ഞ് വർത്തമാനം പറഞ്ഞ് ഉറങ്ങാൻ വൈകി. ഉടനെ എണീക്കണമല്ലോ.

രാത്രി ഭാര്യ എണീറ്റു. കുളിമുറിയിൽ വെച്ച് തലചുറ്റി. ഓർമ പോയി. എന്നെ വിളിച്ചിരുന്നു. ദൈവാനുഗ്രഹത്താൽ തക്ക സമയത്ത് ഞാൻ എത്തിയതുകൊണ്ട് വീഴാതെ കാത്തു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ബോധംവന്നു. കടുത്ത ക്ഷീണം. വയറിളക്കം കൂടി ഉണ്ടായത് കൊണ്ട് അതീവ ക്ഷീണിതയായിരുന്നു. കാർ വരാൻ ഒന്നര മണിക്കൂർ കൂടി. ഉറങ്ങാൻ പറഞ്ഞു, ഞങ്ങൾ കാവലിരുന്നു. ഒന്ന് മയങ്ങി എണീറ്റപ്പോൾ അവൾ സ്വൽപം ഭേദപ്പെട്ടിരുന്നു.

ഞങ്ങളോട് യാത്ര തുടരണമെന്നും ഞാൻ എങ്ങനെയെങ്കിലും നാട്ടിൽ പോകാം എന്നുമായി അവൾ! ഡോക്ടറായ മകൻകൂടി കൂടെയുള്ള ധൈര്യത്തിൽ എന്തായാലും യാത്ര ഒരുമിച്ച് പോകാൻ തന്നെ തീരുമാനം. വന്ന ടാക്സിയിൽ എല്ലാവരും കയറി. അവൾക്ക് വീണ്ടും അസ്വസ്ഥത. കാർ നിർത്തി, അവൾ ഛർദിച്ചു. ചെറിയ ആശ്വാസം. ആശുപത്രിയിൽ പോകണം, ഗ്ലൂക്കോസ് കയറ്റണം എന്നായി. ആശ്വസിപ്പിച്ച് കാറിൽ വീണ്ടും. എയർപോർട്ടിൽ കാര്യങ്ങൾ ഒരുവിധം ശരിയാക്കി. കുറച്ച് വെള്ളം കുടിച്ചു. പിന്നീട് വിമാനത്തിൽ.

പണ്ട് സിംഗപ്പൂരിൽനിന്നും മടങ്ങവെ വിമാനത്തിൽ അവൾ തലചുറ്റിയതും ബോധം പോയതും ഓക്സിജൻ നൽകിയതും ഓർമ വന്നു. ഞാൻ ഉറങ്ങാതെ കാത്തിരുന്നു. ഒന്ന് മയങ്ങിയ അവൾ ഉണർന്ന് കുറേക്കൂടി ഉഷാറായി. ഒരു ചായ കുടിച്ചപ്പോൾ വീണ്ടും മയക്കം. ഡൽഹി വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ താപനില പൂജ്യം ഡിഗ്രി. ചായയും ലഘു ഭക്ഷണവും കഴിച്ച് അടുത്ത ടെർമിനലിൽ ശ്രീനഗറിലേക്കുള്ള വിമാനത്തിന് സെക്യൂരിറ്റി ചെക്കിങ്. നീണ്ട ക്യൂ. അവൾക്ക് നിൽക്കാൻ വയ്യ. പിന്നെ ഒരിടത്ത് ഇരുന്നു. ഒരു ഓഫീസറെ വിളിച്ച് അവൾ കാര്യം പറഞ്ഞു. അയാൾ



ക്യൂ നിർത്താതെ നേരെ ഇൻഡിഗോ വിമാന കമ്പനിയുടെ സെക്യൂരിറ്റി കൗണ്ടറിൽ ഏൽപിച്ചു. ഞാനും കൂടെ പോയി. ആ കടമ്പ കടന്നു. ഒരു ചായകൂടി. വീണ്ടും വിമാനത്തിൽ. കുഴപ്പമില്ലാതെ ഇറങ്ങി. ഇനിയാണ് വലിയ കടമ്പ. കോവിഡ് പരിശോധന. എങ്ങാനും ആർക്കെങ്കിലും പോസിറ്റീവ് ആയാൽ അവർ എന്തുചെയ്യും? ബാക്കിയുള്ളവർ എന്തുചെയ്യും? എവിടെ ക്വാറന്റൈൻ ചെയ്യും? തുടക്കം മുതൽ ഏവരെയും അലട്ടുന്ന കാര്യമായിരുന്നു അത്.

ടെസ്റ്റിംഗ് കടുത്തതായിരുന്നു. ഫോറം പൂരിപ്പിച്ച് കൊടുത്തു. ഫോൺ നമ്പർ നൽകി. മൂക്കിൽ ബഡ്സ് കൊണ്ടുള്ള കുത്തുകൊണ്ട് എല്ലാവർക്കും വേദനിച്ചു. പൊയ്ക്കോളൂ, വിവരം ഫോണിൽ അറിയിക്കാം എന്നായി.


ഇന്നോവയും ഡ്രൈവറും ഞങ്ങളെ കാത്ത് പുറത്ത്. താപനില പലപ്പോഴും മൈനസ്. ദാൽ തടാകം, ഹൗസ് ബോട്ട്, പെഹൽഗാ, ഗുൽമാർഗ്, ഹോട്ടലുകൾ എന്നിവിടങ്ങളിൽ മഞ്ഞും തണുപ്പും മറ്റുമായി ആറു നാൾ. ആർക്കും രോഗമൊന്നും വന്നില്ല.

അവിടെ പോസ്റ്റ് പെയ്ഡ് ഫോൺ മാത്രമെ പ്രവർത്തിക്കൂ. ഓരോ ഫോൺ മണിനാദവും ആരോഗ്യ വകുപ്പിൽ നിന്നാണോ എന്ന ശങ്ക ഞങ്ങളെ പേടിപ്പിച്ചു. കുഴപ്പങ്ങളൊന്നുമില്ലാതെ മുംബയ് വഴി നെടുമ്പാശ്ശേരിയിൽ എത്തി.

പണ്ടത്തെ കാരണവന്മാർ പറയുന്നത് പോലെ 'പടച്ചോന്റെ വേണ്ടുക'യുണ്ടെങ്കിൽ എല്ലാം നടക്കും. ഇല്ലെങ്കിലോ, ഒന്നും നടക്കില്ല. സ്രഷ്ടാവിന്റെ കാരുണ്യം. എന്നെന്നും ഓർമിക്കാൻ ആറുദിവസത്തെ അനുഭവങ്ങളുമായി കാറിൽ നാട്ടിലേക്ക്, പുലർച്ചെ വീട്ടിൽ. സ്രഷ്ടാവിന് സ്തുതി.

ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

ലേഖനം



# ഇസ്‌ലാം, സ്ത്രീ അനന്തരാവകാശം

## 4

**പുരുഷന്മാർക്ക് ലഭിക്കുന്ന ശിഷ്ടമോഹരിയെക്കാൾ അതേസ്ഥാനത്തു വരുന്ന സ്ത്രീകൾക്ക് ലഭിക്കുന്ന മൂന്നിൽരണ്ട് (2/3) നിശ്ചിതോഹരി ഗുണകരമാകുന്ന അവസ്ഥ:**

ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവ്, പിതാവ്, രണ്ടോ അതിലധികമോ പെൺമക്കൾ എന്നിവരാണ്. അനന്തരസ്വത്തായുള്ളത് 10,000 രൂപയാണെന്ന് കരുതുക. അത് ഓഹരിവെക്കുന്ന രൂപം കാണുക:

| അവകാശികൾ | അവകാശം | 12 » 15 | 10000/ |
|---|---|---|---|
| ഭർത്താവ് | 1/4 | 3 | 2000 |
| മാതാവ് | 1/6 | 2 | 1333.33 |
| പിതാവ് | 1/6 + ബാക്കി | 2 | 1333.33 |
| പെൺമക്കൾ 2+ | 2/3 | 8 | 5333.33 |

ഇവിടെ പെൺമക്കൾക്ക് ലഭിച്ചത് 5333.33 രൂപയാണ്.

ഇനി മേൽപറഞ്ഞ കണക്കിൽ പെൺമക്കൾക്ക് പകരം പരേതക്കുള്ളത് ആൺമക്കളാണെങ്കിൽ അതിന്റെ രൂപം എങ്ങനെയായിരിക്കുമെന്ന് കാണുക:

| അവകാശികൾ | അവകാശം | 12 | 10000/- |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 2500 |
| മാതാവ് | ⅙ | 2 | 1666.67 |
| പിതാവ് | ⅙ + | 2 | 1666.67 |
| ആൺമക്കൾ 2+ | ബാക്കി | 5 | 4166.66 |

ആൺമക്കൾക്ക് ലഭിച്ചത് 4166.66 രൂപ മാത്രം. പെൺമക്കൾക്ക് ലഭിച്ച ഓഹരിയെക്കാൾ കുറവ്!

ഇതേഗണത്തിൽ വരുന്ന മറ്റൊരു കണക്ക് കാണുക:

ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവ്, രണ്ടോ അതിലധികമോ (മാതാവും പിതാവുമൊത്ത) സഹോദരിമാർ എന്നിവരാണ്. അനന്തരസ്വത്തായുള്ളത് 10,000 രൂപയാണെന്ന് കരുതുക. അത് ഓഹരിവെക്കുമ്പോളുള്ള രൂപം കാണുക:

| അവകാശികൾ | അവകാശം | 6 » 8 | 10000/ |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3750 |
| മാതാവ് | ⅙ | 1 | 1250 |
| മാതാവും പിതാവുമൊത്ത സഹോദരിമാർ 2+ | ⅔ | 4 | 5000 |

ഇവിടെ മാതാവും പിതാവുമൊത്ത സഹോദരിമാർക്ക് ലഭിച്ചത് പതിനായിരത്തിൽ 5000 രൂപയാണ്.

ഇനി മേൽപറഞ്ഞ കണക്കിൽ മാതാവും പിതാവുമൊത്ത സഹോദരിമാർക്കു പകരം പരേതക്കുള്ളത് മാതാവും പിതാവുമൊത്ത സഹോദരൻമാരാണെങ്കിൽ എങ്ങനെയായിരിക്കും ഓഹരിവെക്കുക എന്നു കാണുക:

| അവകാശികൾ | അവകാശം | 6 | 10000/ |
|---|---|---|---|
| ഭർത്താവ് | ½ | 3 | 5000 |
| മാതാവ് | ⅙ | 1 | 1666.67 |
| മാതാവും പിതാവുമൊത്ത സഹോദരൻമാർ 2+ | ബാക്കി | 2 | 3333.33 |

പതിനായിരത്തിൽ 3333.33 രൂപ മാത്രമാണ് പുരുഷന്മാർക്ക് ലഭിച്ചത്. അതേസ്ഥാനത്ത് സ്ത്രീ ആയിരുന്നപ്പോൾ ലഭിച്ചതാകട്ടെ 5000 രൂപയും!

**പുരുഷന്മാർക്ക് ലഭിക്കുന്ന ശിഷ്ടമോഹരിയെക്കാൾ അതേസ്ഥാനത്തു വരുന്ന സ്ത്രീകൾക്ക് ലഭിക്കുന്ന (പകുതി) നിശ്ചിതോഹരി ഗുണകരമാകുന്ന അവസ്ഥ:**

ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവ്, പിതാവ്, ഒരു മകൾ എന്നിവരാണ്. അനന്തരസ്വത്തായുള്ളത് 10,000 രൂപയാണെന്ന് കരുതുക. അത് ഓഹരിവെക്കുന്നത് താഴെ കാണും പ്രകാരമായിരിക്കും:

| അവകാശികൾ | അവകാശം | 12 » 13 | 10000/ |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 2307.69 |
| മാതാവ് | ⅙ | 2 | 1538.46 |
| പിതാവ് | ⅙ + ബാക്കി | 2 | 1538.46 |
| മകൾ | ½ | 6 | 4615.39 |

അനന്തരസ്വത്തായ 10,000 രൂപയിൽനിന്നും മകൾക്ക് ലഭിച്ചത് 4615.39 രൂപയാണ്. എന്നാൽ മകളുടെ സ്ഥാനത്ത് മകനായിരുന്നു ഉണ്ടായിരുന്നതെങ്കിൽ അവനു ലഭിക്കുന്ന ഓഹരികൂടി നമുക്കൊന്നു പരിശോധിക്കാം:

| അവകാശികൾ | അവകാശം | 12 | 10000/- |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 2500 |
| മാതാവ് | ⅙ | 2 | 1666.67 |
| പിതാവ് | ⅙ | 2 | 1666.67 |
| മകൻ | ബാക്കി | 5 | 4166.66 |

മകനു ലഭിച്ചത് 10,000 രൂപയിൽനിന്നും 4166.66 രൂപമാത്രം. ഇനി പറയൂ; മകനാണോ മകൾക്കാണോ കൂടുതൽ ഓഹരി ലഭിച്ചത്?

ഈ ഇനത്തിൽ ഒരു ഉദാഹരണം കൂടി നമുക്ക് പരിശോധിക്കാം:

ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവ്, മതാവും പിതാവുമൊത്ത ഒരു സഹോദരി എന്നിവരാണ്. അനന്തരസ്വത്തായുള്ളത് 10,000 രൂപയും. അതിന്റെ ഓഹരി വെക്കൽ കാണുക:

| അവകാശികൾ | അവകാശം | 6 » 8 | 10000/ |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3750 |
| മാതാവ് | ⅓ | 2 | 2500 |
| മാതാവും പിതാവുമൊത്ത സഹോദരി | ½ | 3 | 3750 |

ഈ കണക്കു പ്രകാരം സഹോദരിക്ക് 10,000 രൂപയിൽ 3750 ലഭിച്ചു. ഇവിടെ സഹോദരിക്ക് പകരം സഹോദരനാണങ്കിലോ? അത്കൂടി കാണുക:

| അവകാശികൾ | അവകാശം | 6 | 10000/ |
|---|---|---|---|
| ഭർത്താവ് | ½ | 3 | 5000 |
| മാതാവ് | ⅓ | 2 | 3333.33 |
| മാതാവും പിതാവുമൊത്ത സഹോദരൻ | ബാക്കി | 1 | 1666.67 |

ഇതിൽ സഹോദരന് 10,000 രൂപയിൽ 1666.67 മാത്രമാണ് ലഭിച്ചത്. സഹോദരിക്ക് ലഭിച്ച ഓഹരിയെക്കാൾ കുറവ്!

**പുരുഷന്മാർക്ക് ലഭിക്കുന്ന ശിഷ്ടമോഹരിയെക്കാൾ അതേസ്ഥാനത്തുവരുന്ന സ്ത്രീകൾക്ക് ലഭിക്കുന്ന 1/3 (മൂന്നിലൊന്ന്) നിശ്ചിതോഹരി ഗുണകരമാകുന്ന അവസ്ഥ:**

ഒരാൾ മരണപ്പെട്ടു. പരേതന് അനന്തരാവകാശികളായുള്ളത് ഭാര്യ, മാതാവ്, മാതാവൊത്ത രണ്ടോ അതിലധികമോ സഹോദരികൾ, മാതാവും പിതാവുമൊത്ത രണ്ടോ അതിലധികമോ സഹോദരന്മാർ എന്നിവരും, അനന്തരസ്വത്തായുള്ളത് 10, 000 രൂപയാണെന്ന് കരുതുക. അത് ഓഹരിവെക്കുന്നത് താഴെകാണും പ്രകാരമായിരിക്കും:

| അവകാശികൾ | അവകാശം | 12 | 10000/- |
|---|---|---|---|
| ഭാര്യ | ¼ | 3 | 2500 |
| മാതാവ് | ⅙ | 2 | 1666.67 |
| മാതാവൊത്ത സഹോദരികൾ 2+ | ⅓ | 4 | 3333.33 |
| മാതാവും പിതാവുമൊത്ത സഹോദരൻമാർ | ബാക്കി | 3 | 2500 |

പരേതനിലേക്ക് ബന്ധംകൊണ്ട് കൂടുതൽ അടുത്തുനിൽക്കുന്ന മാതാവും പിതാവുമൊത്ത സഹോദരന്മാർക്ക് ഓഹരിയായി ലഭിച്ചത് 10,000 രൂപയിൽ 2500 മാത്രം! എന്നാൽ മാതാവിലൂടെ മാത്രം പരേതനിലേക്ക് ബന്ധമുള്ള സഹോദരിമാർക്ക് ലഭിച്ചത് 10,000 രൂപയിൽ 3333.33 രൂപയും. ആർക്കാണ് കൂടുതൽ ഓഹരി ലഭിച്ചത്? സ്ത്രീകൾക്കോ, പുരുഷൻമാർക്കോ?

വിരളമായിട്ടാണെങ്കിലും വരുന്ന ഒരു ഉദാഹരണംകൂടി കാണുക:

പരേതനുള്ളത് മാതാവും മാതാവിന്റെ മാതാവും പിതാവിന്റെ മാതാവുമാണ്. 10,000 രൂപ അനന്തരസ്വത്തും. അതിന്റെ വിഭജനം ഇങ്ങനെയാണ്.

| അവകാശികൾ | അവകാശം | 3 | 10000/- |
|---|---|---|---|
| മാതാവ് | ⅓ + ബാക്കി | 1+2 | 10000/- |
| പിതാവിന്റെ മാതാവ് | മാതാവുള്ളതിനാൽ അവകാശം ലഭിക്കില്ല | 0 | 0 |
| മാതാവിന്റെ മാതാവ് | മാതാവുള്ളതിനാൽ അവകാശം ലഭിക്കില്ല | 0 | 0 |

പരേതനുള്ളത് മാതാവിനു പകരം പിതാവും മേൽസൂചിപ്പിച്ച മറ്റു വ്യക്തികളുമാണെങ്കിൽ ആ അവസ്ഥകൂടി പരിശോധിക്കാം:

| അവകാശികൾ | അവകാശം | 6 | 10000/- |
|---|---|---|---|
| പിതാവ് | ബാക്കി | 5 | 8333.33 |
| പിതാവിന്റെ മാതാവ് | പിതാവുള്ളതിനാൽ അവകാശം ലഭിക്കില്ല | 0 | 0 |
| മാതാവിന്റെ മാതാവ് | ⅙ | 1 | 1666.67 |



1/3ന്റെ നിശ്ചിതോഹരിക്കാരിയായ മാതാവിന് സ്വത്തുമുഴുവൻ അനന്തരമായി ലഭിച്ചപ്പോൾ അതേസ്ഥാനത്തുവന്ന ശിഷ്ടമോഹരിക്കാരനായ പിതാവിന് ലഭിച്ചത് 8333.33 രൂപമാത്രം.

ഇതേ ഗണത്തിൽ അഥവാ സ്ത്രീകൾക്ക് ലഭിക്കുന്ന നിശ്ചിതോഹരിയായ മൂന്നിലൊന്ന് അവരുടെ അതേസ്ഥാനത്തുവരുന്ന പുരുഷൻമാരുടെ ശിഷ്ടമോഹരിയെക്കാൾ ഗുണകരമാകുന്ന സന്ദർഭങ്ങൾ ഇനിയും കാണാവുന്നതാണ്. തൽക്കാലം ഈ ഉദാഹരണങ്ങളിൽ പരിമിതപ്പെടുത്തുന്നു.

**പുരുഷന്മാർക്ക് ലഭിക്കുന്ന ശിഷ്ടമോഹരിയെക്കാൾ അതേസ്ഥാനത്തുവരുന്ന സ്ത്രീകൾക്ക് ലഭിക്കുന്ന 1/6 (ആറിലൊന്ന്) നിശ്ചിതോഹരി ഗുണകരമാകുന്ന അവസ്ഥ:**

ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവ്, മാതാവൊത്ത ഒരു സഹോദരി, മാതാവും പിതാവുമൊത്ത രണ്ടോ അതിലധികമോ സഹോദരന്മാർ എന്നിവരും, അനന്ത രസ്വത്തായുള്ളത് 10,000 രൂപയാണെന്നും കരുതുക. അത് ഓഹരിവെക്കുന്നത് താഴെ കാണും പ്രകാരമായിരിക്കും.

| അവകാശികൾ | അവകാശം | 6 | 10000/- |
|---|---|---|---|
| ഭർത്താവ് | ½ | 3 | 5000 |
| മാതാവ് | ⅙ | 1 | 1666.67 |
| മാതാവൊത്ത സഹോദരി | ⅙ | 1 | 1666.67 |
| മാതാവും പിതാവുമൊത്ത സഹോദരൻമാർ | ബാക്കി | 1 | 1666.67 |

മേൽ സൂചിപ്പിച്ചതുപോലെ പരേതനിലേക്ക് ബന്ധംകൊണ്ട് കൂടുതൽ അടുത്തുനിൽക്കുന്ന മാതാവും പിതാവുമൊത്ത സഹോദരന്മാർക്ക് ഓഹരിയായി ലഭിച്ചത് 10,000 രൂപയിൽ 1666.67 മാത്രം. എന്നാൽ മാതാവിലൂടെ മാത്രം പരേതയിലേക്ക് ബന്ധമുള്ള ഒരു സഹോദരിക്ക് ലഭിച്ചത് 10,000 രൂപയിൽ 1666.67 രൂപയും. നോക്കൂ! ഒരു സഹോദരിക്ക് ലഭിച്ച അതേ സംഖ്യയാണ് കുറെ സഹോദരന്മാർക്ക് കൂട്ടുമുതലായി ലഭിച്ചത്! സഹോദരിക്ക് ലഭിച്ച നിശ്ചിതോഹരിയായ 1/6 സഹോദരന്മാർക്ക് ലഭിച്ച ശിഷ്ടമോഹരിയെക്കാൾ ഗുണകരമാണെന്ന് പറയേണ്ടതില്ലല്ലോ.

മറ്റൊരു ഉദാഹരണം നോക്കൂ:

മരണപ്പെട്ട വ്യക്തിക്കുള്ളത് ഭാര്യ, പിതാവ്, മാതാവ്, മകൾ, മകന്റെ മകൾ എന്നിവരാണ്. അനന്തരവകാശമായി 10,000 രൂപയും.



| അവകാശികൾ | അവകാശം | 24 » 27 | 10000/- |
|---|---|---|---|
| ഭാര്യ | ⅛ | 3 | 1111.11 |
| പിതാവ് | ⅙ | 4 | 1481.48 |
| മാതാവ് | ⅙ | 4 | 1481.48 |
| മകൾ | ½ | 12 | 4444.44 |
| മകന്റെ മകൾ | ⅙ | 4 | 1481.48 |

മേൽ കണക്കിൽ മകന്റെ മകളുടെ സ്ഥാനത്ത് മകന്റെ മകനായിരുന്നുവെങ്കിൽ അതിന്റെ രൂപം കൂടി നമുക്ക് പരിചയപ്പെടാം:

| അവകാശികൾ | അവകാശം | 24 | 10000/- |
|---|---|---|---|
| ഭാര്യ | ⅛ | 3 | 1250 |
| പിതാവ് | ⅙ | 4 | 1666.66 |
| മാതാവ് | ⅙ | 4 | 1666.66 |
| മകൾ | ½ | 12 | 5000 |
| മകന്റെ മകൻ | ബാക്കി | 1 | 416.66 |

രണ്ടുകാര്യങ്ങൾ ഈ ഉദാഹരണത്തിലൂടെ ബോധ്യപ്പെടും:

ഒന്ന്) മകന്റെ മകൾക്ക് ലഭിക്കുന്ന നിശ്ചിതോഹരിയായ 1/6 തന്നെയാണ് മകന്റെ മകന് ലഭിച്ച ശിഷ്ടമോഹരിയെക്കാൾ ഗുണകരം.

രണ്ട്) പിതാമഹനിൽനിന്നും ഒരിക്കലും പേരമക്കൾക്ക് സ്വത്ത്ലഭിക്കില്ല എന്നു പ്രചരിപ്പിക്കുന്നത് ശരിയല്ല. (ആ വിഷയം മറ്റൊരു അധ്യായത്തിൽ സൂചിപ്പിക്കുന്നതായിരിക്കും ഇൻശാ അല്ലാഹ്).

**4. സ്ത്രീക്ക് ഓഹരി ലഭിക്കുകയും അതേസമയം തുല്യസ്ഥാനത്തുള്ള പുരുഷന് അനന്തരാവകാശം ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ:**

സ്ത്രീ-പുരുഷ വേർതിരിവിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക സ്വത്തവകാശ നിയമത്തെ നാം പഠിക്കാൻ ശ്രമിക്കുമ്പോൾ അതിലെ അവസാനത്തെ ഇനമാണ് ഇത്. കൂടുതൽ ആമുഖമില്ലാതെ വിഷയത്തിലേക്ക് നേരിട്ട് പ്രവേശിക്കാം.

പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, പിതാവ്, മാതാവ്, മകൾ, മകന്റെ മകൾ എന്നിവരും സ്വത്തായിട്ടുള്ളത് 10,000 രൂപയുമാണ്. അത് വീതിക്കുന്ന രൂപം കാണാം:

| അവകാശികൾ | അവകാശം | 12 » 15 | 10000/- |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 2000 |
| പിതാവ് | ⅙ | 2 | 1333.33 |
| മതാവ് | ⅙ | 2 | 1333.33 |
| മകൾ | ½ | 6 | 4000 |
| മകന്റെ മകൾ | ⅙ | 2 | 1333.33 |

ഇവിടെ മകന്റെ മകളുടെ സ്ഥാനത്ത് മകന്റെ മകനാണെന്ന് സങ്കൽപിച്ചാൽ ആ കണക്കുകൂടി പരിചയപ്പെടാം:

| അവകാശികൾ | അവകാശം | 12 » 13 | 10000/- |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 2307.70 |
| പിതാവ് | ⅙ | 2 | 1538.46 |
| മതാവ് | ⅙ | 2 | 1538.46 |
| മകൾ | ½ | 6 | 4615.38 |
| മകന്റെ മകൻ | ബാക്കി | 0 | 0 |

പരേതയുടെ മകന്റെ മകൾക്ക് 10,000 രൂപയിൽ 1333.33 രൂപ ലഭിച്ചപ്പോൾ, അവളുടെ സഹോദരനായ മകന്റെ മകന് ഒന്നും ലഭിച്ചില്ല!

മറ്റൊരു കണക്കുകൂടി പരിശോധിച്ച് ഈ ചർച്ച അവസാനിപ്പിക്കാം:

പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവും പിതാവുമൊത്ത ഒരു സഹോദരി, പിതാവൊത്ത ഒന്നോ അതിലധികമോ സഹോദരിമാർ എന്നിവരും അനന്തരസ്വത്തായി 10,000 രൂപയുമാണ്.

| അവകാശികൾ | അവകാശം | 6 » 7 | 10000/- |
|---|---|---|---|
| ഭർത്താവ് | ½ | 3 | 4285.71 |
| മാതാവും പിതാവുമൊത്ത സഹോദരി | ½ | 3 | 4285.71 |
| പിതാവൊത്ത സഹോദരിമാർ | ⅙ | 1 | 1428.58 |



ഈ കണക്കിൽ പിതാവൊത്ത സഹോദരിമാർക്ക് പകരം പിതാവൊത്ത സഹോദരന്മാരാണ് അവകാശികളായുള്ളതെങ്കിൽ അവർക്ക് സ്വത്തിൽ നിന്നും ഒന്നും ലഭിക്കുമായിരുന്നില്ല. ആ രൂപംകൂടി കാണുക:

| അവകാശികൾ | അവകാശം | 2 | 10000/- |
|---|---|---|---|
| ഭർത്താവ് | ½ | 1 | 5000/- |
| മാതാവും പിതാവുമൊത്ത സഹോദരി | ½ | 1 | 5000/- |
| പിതാവൊത്ത സഹോദരൻമാർ | ബാക്കി | 0 | 0 |

സ്ത്രീയെ ഏതൊരു രംഗത്തും ഇസ്‌ലാം പരിഗണിച്ചത് ഏറ്റവും മാന്യമായ രൂപത്തിലാണ്. അനന്തരാവകാശത്തിന്റെ രംഗത്ത് അവൾക്ക് നൽകിയ പ്രത്യേക പരിഗണനയാണ് നാം ഈ ലേഖന പരമ്പരയുടെ മനസ്സിലാക്കിയത്. മകളായി മാത്രമല്ല ഇസ്‌ലാമിൽ സ്ത്രീ അനന്തരമെടുക്കുന്നത്. പ്രത്യുത ഭാര്യ, സഹോദരി, മാതാവ്, മാതാമഹി, പിതാമഹി, പേരമകൾ എന്നീ സ്ഥാനങ്ങളിലൂടെയെല്ലാം അവൾ അനന്തരവകാശിയാണ്. ഇതൊന്നും മനസ്സിലാക്കാതെയാണ് ചിലർ ഇസ്‌ലാമിനെ അന്ധമായി വിമർശിക്കുന്നത്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# കരുണവറ്റാതിരിക്കുക

**കാ**രുണ്യത്തിന്റെ ഉറവ വറ്റിയ മനുഷ്യമനസ്സുകളുടെ ഞെട്ടിപ്പിക്കുന്ന കഥകൾ എന്നും നാം കേൾക്കാറുണ്ട്. അധികാരവും ദുരഭിമാനവും സംരക്ഷിക്കാൻ വേണ്ടി കാണിക്കുന്ന ക്രൂരതകൾ, സ്വന്തം താൽപര്യങ്ങളും ലൈംഗികാസക്തികളും നിവൃത്തിക്കാനായി മാത്രം നടത്തപ്പെടുന്ന കൊലപാതകങ്ങൾ, അന്ധവിശ്വാസങ്ങളുടെ മറവിൽ ഏറിവരുന്ന നരബലികൾ തുടങ്ങിയവ ഒരുഭാഗത്ത്. മറുഭാഗത്ത് വിവരമുള്ളവരെന്നു നടിക്കുന്ന മാഫിയകൾ ജീവൻമരണ പോരാട്ടം നടത്തുന്ന രോഗികളോടു കാണിക്കുന്ന ചികിത്സാചൂഷണങ്ങൾ, പൊതുഖജനാവിന് കാവലിരിക്കുന്ന ബ്യൂറോക്രാറ്റുകൾ നടത്തുന്ന കൈക്കൂലി, കൊള്ളലാഭമടക്കമുള്ള തീവെട്ടിക്കൊള്ളകൾ... ഇങ്ങനെ കാരുണ്യതിന്റെ നീരുറവ കാണാൻ തിരിയിട്ടുതിരയേണ്ട കാലത്താണ് നാം ജീവിക്കുന്നത്. മനുഷ്യന്റെ നന്മതിന്മകൾ പരിഗണിക്കാതെ അല്ലാഹു എല്ലാവർക്കും വിശാലമായി കാരുണ്യം വർഷിക്കുന്നവനാണെന്ന (റഹ്മാൻ) ആനുകൂല്യത്തിലാണ് ഈ മഹാക്രൂരതകൾ ഭൗതിക ജീവിതത്തിൽ പിടിക്കപ്പെടാതെ പോകുന്നത്. എന്നാൽ നന്മ ചെയ്തവർക്കു മാത്രം കാരുണ്യം ചെയ്യുന്നവൻ (റഹീം) എന്ന വിശേഷണംകൂടി അല്ലാഹുവിനുണ്ട് എന്നോർക്കണം. ആ ആനുകൂല്യം നന്മചെയ്തവർക്കു ലഭിക്കുക അധികവും പരലോകത്തുവെച്ചായിരിക്കും.

കാരുണ്യം എന്നത് ഈ പ്രപഞ്ച സംവിധാനത്തിന്റെ തന്നെ നിലനിൽപിന്ന് നിദാനമാണ്. മനുഷ്യമനസ്സുകളിൽ മാത്രമല്ല, സർവ ജീവജാലങ്ങളുടെയും അസ്തിത്വം അതിൻമേലാണ്. പൂച്ചയും പട്ടിയും പറവകളും ഇഴജന്തുക്കളും ആ കാരുണ്യവായ്പ് സ്വന്തം കുഞ്ഞുങ്ങളോടു കാണിക്കുന്നത് നമുക്കു കാണാം. മുഴുവൻ മനുഷ്യരോടും ജീവജാലങ്ങളോടും കരുണ ചെയ്യാൻ ഇസ്‌ലാം മനുഷ്യരോട് കൽപിച്ചിട്ടുണ്ട്. ദാഹിച്ചുവലഞ്ഞ ഒരു പട്ടിക്ക് കിണറ്റിൽനിന്ന് വെള്ളമെടുത്ത് കൊടുത്ത ഒരു മനുഷ്യന് അല്ലാഹു പാപമോചനം നൽകി സ്വർഗപ്രവേശനത്തിന് അർഹനാക്കിയതും ഭക്ഷണം കൊടുക്കാതെയും ഭക്ഷണം തേടിപ്പിടിച്ചു തിന്നാൻ അനുവദിക്കാതെയും ഒരു പൂച്ചയെ കെട്ടിയിട്ടു പീഡിപ്പിച്ചുകൊന്ന ഒരു സ്ത്രീ അക്കാരണത്താൽ നരകത്തിന്നർഹയായി എന്നും നബിﷺ പഠിപ്പിച്ചത് ജീവികളോടുള്ള കാരുണ്യത്തിന്റെ ബാധ്യത നമ്മെ പഠിപ്പിക്കുവാനാണ്.

രണ്ടു കുഞ്ഞുങ്ങളെകൊണ്ട് വിശന്നവശയായി നബിﷺയുടെ വീട്ടിലെത്തിയ ഒരു സ്ത്രീക്ക് ഭാര്യ ആഇശ(റ) ആകെയുണ്ടായിരുന്ന മൂന്നു കാരക്കയെടുത്ത് കൊടുത്തു. ഓരോന്ന് രണ്ടുകുട്ടികൾക്ക് കൊടുത്ത് ബാക്കിയുള്ള ഒരു കാരക്ക ആ സ്ത്രീ വായിലേക്ക് വെക്കാനൊരുങ്ങിയെങ്കിലും വിശപ്പടങ്ങാത്ത തന്റെ രണ്ടു കുഞ്ഞുങ്ങൾക്ക് അവർ അതും പകുത്തുകൊടുത്തു. എന്നിട്ട് ഒന്നും കഴിക്കാനാവാതെ ആ സ്ത്രീ കുഞ്ഞുങ്ങളുടെ കൈപിടിച്ചു തിരിച്ചുപോയി. നബിﷺ വീട്ടിൽ വന്നപ്പോൾ ഈ ദയനീയ കഥ ആഇശ(റ) വിവരിച്ചുകൊടുത്തു. ഇതുകേട്ട നബിﷺപറഞ്ഞു: "അതിൽ എന്ത് അത്ഭുതപ്പെടാനാണ്! ആ മാതാവ് കുഞ്ഞുങ്ങളോടു ചെയ്ത കരുണക്കു പകരം അല്ലാഹു അവരോടും കരുണ ചെയ്തിരിക്കുന്നു."

നബിﷺ തന്റെ പൗത്രൻ ഹസൻ എന്ന കുഞ്ഞിനെ ചുംബിക്കുന്നതു കണ്ട ഒരാൾ പറഞ്ഞു: "എനിക്ക് പത്തു മക്കളുണ്ടായിട്ടും ഞാൻ ഒന്നിയെും ചുംബിക്കാറില്ല." നബിﷺ പ്രതികരിച്ചു: "കരുണ ചെയ്യാത്തവർക്ക് കരുണ നൽകപ്പെടില്ല." "കാരുണ്യവാൻമാർക്ക് പരമകാരുണികൻ കരുണചെയ്യുന്നതാണ്; അതിനാൽ നിങ്ങൾ ഭൂമിയിലുള്ളവർക്ക് കരുണ ചെയ്യുക. എന്നാൽ ആകാശത്തിലുള്ളവൻ നിങ്ങൾക്കും കരുണചെയ്യുന്നതാണ്" എന്നും നബിﷺ പറഞ്ഞതായി കാണാം.

കാരുണ്യത്തിന്റെ സാധ്യതകൾ ഭൂമിയിൽ എല്ലായിടത്തും നിറഞ്ഞുനിൽക്കുന്നുണ്ട്. കുടുംബജീവിതംതൊട്ട് ഭരണരംഗത്തും രാഷ്ട്രീയത്തിലും വ്യാപാര, വ്യവസായത്തിലും വിദ്യാലയങ്ങളിലും ആശുപത്രികളിലും കിടപ്പറയിലും കരുണയാഗ്രഹിക്കുന്നവരുണ്ട്. വഴിതെറ്റിപ്പോകുന്ന മക്കളെ സൻമാർഗത്തിലേക്ക് വഴിനടത്തുന്നത് അവർക്ക് മുന്തിയ ആഹാര, വസ്ത്ര, പാർപ്പിട സൗകര്യങ്ങൾ നൽകുന്നതിനെക്കാൾ കാരുണ്യത്തിന്റെ ഭാഗമാണ്. അവരുടെ പട്ടിണിമാറ്റുന്നതിനെക്കാൾ പ്രധാനം അവർ ശാശ്വത നരകാവകാശികളാകാതിരിക്കുക എന്നതാണ്. മതപ്രബോധനത്തിലും മനുഷ്യർക്ക് സൻമാർഗം ലിക്കുക എന്ന കാരുണ്യത്തിന്റെ വശമാണ് പരമപ്രധാനം.

പി.എൻ സോമൻ
mail@nerpatham.com





# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

11

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും അതിവേഗം കടന്നുപോയത് അറിഞ്ഞില്ല. ക്രൈസ്തവതയിൽ നിന്നും പടിയിറങ്ങി നിരീശ്വരവാദ വഞ്ചിയിൽ ഉറച്ചിരുന്നു മുന്നേറുകയാണ്. നഷ്ടബോധവും കുറ്റബോധവുമെല്ലാം ഇടയ്ക്കിടെ തലപൊക്കുന്നുണ്ട്.

മുമ്പ് ചെയ്തുകൊണ്ടിരുന്ന, വനത്തിലെ ജോലിയിലേക്കുതന്നെ മടങ്ങി. പതിനഞ്ചു ജോലിക്കാരുമായി ഊരിൽ നിന്നും 25 കിലോമീറ്റർ ദൂരെ ഉൾവനത്തിലേക്ക് പോയി. രണ്ടും മൂന്നും ആഴ്ചകൾ കഴിയുമ്പോഴേ വീട്ടിൽ തിരിച്ചെത്തുകയുള്ളൂ. വനത്തിൽ ഷെഡ് കെട്ടി താമസിച്ചു. ജോലികൾ ആരംഭിച്ചു. പകൽ സമയങ്ങളിൽ ഒന്നും ഓർക്കുകയില്ല. എന്നാൽ രാത്രിയാകുമ്പോൾ (ഏകാന്തതയിൽ) എന്റെ അനുവാദം കൂടാതെ പഴയകാല സംഭവങ്ങൾ ഓടിയെത്തി ഉറക്കത്തെ ഓടിക്കുക പതിവായി.

വനത്തിൽ താമസിക്കുമ്പോൾ ഒരു ആചാരമുണ്ട്; മലദൈവങ്ങളെ പ്രീതിപ്പെടുത്താൻ നേർച്ച കഴിക്കൽ. വെറ്റില മുറുക്കാൻ, മദ്യം എന്നിവയാണ് നേർച്ച വസ്തുക്കൾ. കാട്ടുപിശാചുക്കളുടെയും മൃഗങ്ങളുടെയും ഉപദ്രവത്തിൽനിന്നുള്ള കാവലിനാണ് ഈ നേർച്ച കഴിക്കുന്നത്.

അന്ന് ഒരു വെള്ളിയാഴ്ച ദിവസം. ഇരുട്ടുവ്യാപിച്ചു. ഞാൻ ഒരു നിരന്ന പാറപ്പുറത്ത് ആകാശ വിതാനത്തിൽ കണ്ണുംനട്ട് ചിന്താകുലനായി മലർന്നുകിടക്കുകയാണ്. അപ്പോൾ നേർച്ചവയ്ക്കാൻ ഒരു ബന്ധുവിന്റെ വിളിവന്നു. അയാളോട് അന്നത്തെ കർമം ചെയ്തുകൊള്ളാൻ പറഞ്ഞു. ഈ സമയങ്ങളിൽ ചിന്തകളുടെ ആക്കം കൂടിവരികയാണ്.

‘അന്വേഷിപ്പിൻ കണ്ടെത്തും’ എന്ന് യേശു പറഞ്ഞിട്ടുണ്ട്. വരാനിരിക്കുന്ന ഒരു ‘സത്യാത്മാവി’നെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആരായിരിക്കും അത്?

മതങ്ങളിൽ തപ്പിയാലല്ലേ ദൈവത്തെക്കുറിച്ചറിയൂ. ഏതാണ് ഇനി തിരയേണ്ട മതം? ജൈനമതം, ബുദ്ധമതം, ഇസ്‌ലാം മതം എന്നീ പ്രബല മതങ്ങൾ ബാക്കിയുണ്ട്. ജൈന, ബുദ്ധ മതങ്ങൾ കേരളത്തിലുള്ളതായി അറിയില്ല. എണ്ണപ്പെട്ട അനുയായികൾ ഉണ്ടായിരിക്കാം. പിന്നുള്ളത് ഇസ്‌ലാം മതം. ഹോ, ചിന്താക്കാൻ പോലും പാടില്ലാത്ത ഭീകരജീവി മതം!

മുസ്‌ലിം മതത്തെക്കുറിച്ചുള്ള കേട്ടറിവും വിശ്വാസവും ഇപ്രകാരം: മുഹമ്മദ് എന്നൊരാൾ ദൈവം. വാൾ പൂജാ (ആരാധന) വസ്തുവും. എവിടെയും മുസ്‌ലിംകൾ കൂട്ടമായി മാത്രമെ താമസിക്കുകയുള്ളൂ. മറ്റാർക്കും മനസ്സിലാകാത്ത കോഡ്ഭാഷയിൽ എന്നും എല്ലാവരെയും വിളിച്ചുകൂട്ടും. ഇവരെ ഏതുവിധത്തിലെങ്കിലും എതിർക്കുന്നവരെയോ, ഉപദ്രവിക്കുന്നവരെയോ രണ്ടുവിധത്തിൽ ഉന്മൂലനം ചെയ്യും. ഒന്നുകിൽ വാൾ കൊണ്ട്. ഇല്ലെങ്കിൽ കൂടോത്രം (മന്ത്രവാദം) കൊണ്ട്.

മുസ്‌ലിംകളോടു സഹകരിക്കുന്നതുപോലും ഭയന്നുകൊണ്ടാണ്. പഴമക്കാരിൽനിന്നു ലഭിച്ചിട്ടുള്ള ഈ ‘അറിവ്’ ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും വിട്ടുകളയാത്തവർ ധാരാളമുണ്ട്.

യുദ്ധവും കലാപങ്ങളും സൃഷ്ടിക്കുന്നതിനും ഇഷ്ടാനുസരണം സ്ത്രീകളെ മാറി മാറി വിവാഹം കഴിച്ച് ഉപേക്ഷിക്കുന്നതിലും മുൻപന്തിയിൽ മുസ്‌ലിം തന്നെ! വേണ്ടാ, മുസ്‌ലിം മതത്തെക്കുറിച്ച് അന്വേഷിക്കുകയും പഠിക്കുകയുമൊന്നും വേണ്ടാ...!

വനത്തിൽ താമസിക്കുമ്പോൾ ഒരു വ്യവസ്ഥയുണ്ട്. ആന, കടുവ, പുലി, ഇഴജന്തുക്കൾ പോലുള്ള വധാരാളമുള്ള കൊടുംവനമാണ്. എല്ലാവരും ഒരേ സമയം കിടന്നുറങ്ങാൻ പാടില്ല. ഓരോരുത്തരായി മാറി മാറി ഉറങ്ങാതിരിക്കണം. അന്നത്തെ ദൗത്യം എനിക്കാണ്. ഷെഡിനടുത്തുള്ള പാറപ്പുറത്ത് ചാക്ക് വിരിച്ചു കിടന്നു. മനസ്സ് വിദൂരതയിലേക്ക് സഞ്ചരിക്കാൻ തുടങ്ങി. കാട്ടാനക്കൂട്ടം ചിന്നംവിളിച്ച് കലഹംകൂടി ഈറക്കാടുകൾ ഇളക്കിമറിക്കുന്ന ഭീകരശബ്ദം! കൂവി വിളിക്കുന്ന നെടുവിളിയാൻ കാനപ്പക്ഷി. രാപ്പരുന്തിന്റെയും ചീവീടുകളുടെയും ഒച്ചകൾ... ഇവയെല്ലാം ശ്രവിച്ചുകൊണ്ട് ആകാശ വിതാനത്തിലേക്ക് കണ്ണുംനട്ട് കിടന്നു.

മണൽത്തരികൾപോലെ ആകാശപ്പരപ്പിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ. ഹോ... എന്തൊരു ഭംഗി! മരിച്ചുപോയ ബന്ധുക്കൾ ഭൂമിയിലേക്ക് നോക്കി കണ്ണുചിമ്മുന്നു (ഹിന്ദു വിശ്വാസം). ഈ ആകാശം എവിടെ ഉറപ്പിച്ചിരിക്കുന്നു? തൂണുകൾ വല്ലയിടത്തും ഉണ്ടോ? യഹോവ തമ്പുരാന്റെ പൂന്തോട്ടമായിരിക്കും. യഹോവയ്ക്ക് അഗ്നിയുടെ ശോഭയുള്ളതായി ബൈബിളിൽ പറയുന്നുണ്ട്.

ഇങ്ങനെ ആവശ്യമില്ലാത്ത പലതും ചിന്തിച്ചു. കാട്ടാനക്കൂട്ടം താമസസ്ഥലത്തേക്ക് വരുന്നില്ലെന്ന് ഉറപ്പുവരുത്തി. സമയം നാലുമണിയോട് അടുക്കുന്നു. ഉറക്കക്ഷീണം വർധിച്ചു. അറിയാതെ ഉറക്കത്തിലേക്ക് വഴുതിവീണു.

**“ വനത്തിൽ താമസിക്കുമ്പോൾ ഒരു വ്യവസ്ഥയുണ്ട്. ആന, കടുവ, പുലി, ഇഴജന്തുക്കൾ പോലുള്ളവധാരാളമുള്ള കൊടുംവനമാണ്. എല്ലാവരും ഒരേസമയം കിടന്നുറങ്ങാൻ പാടില്ല. ഓരോരുത്തരായി മാറി മാറി ഉറങ്ങാതിരിക്കണം. അന്നത്തെ ദൗത്യം എനിക്കാണ്. ഷെഡിനടുത്തുള്ള പാറപ്പുറത്ത് ചാക്ക് വിരിച്ചു കിടന്നു. മനസ്സ് വിദൂരതയിലേക്ക് സഞ്ചരിക്കാൻ തുടങ്ങി. കാട്ടാനക്കൂട്ടം ചിന്നംവിളിച്ച് കലഹംകൂടി ഈറക്കാടുകൾ ഇളക്കിമറിക്കുന്ന ഭീകരശബ്ദം! കൂവി വിളിക്കുന്ന നെടുവിളിയാൻ കാനപ്പക്ഷി. രാപ്പരുന്തിന്റെയും ചീവീടുകളുടെയും ഒച്ചകൾ... ഇവയെല്ലാം ശ്രവിച്ചുകൊണ്ട് ആകാശ വിതാനത്തിലേക്ക് കണ്ണുംനട്ട് കിടന്നു. ”**

> **സിഗരറ്റ് എടുക്കുന്നതിനുവേണ്ടി അദ്ദേഹം പെട്ടി തുറന്നു. പെട്ടിക്കുള്ളിൽ ഒരു ചെറുപുസ്തകം കിടക്കുന്നത് ഞാൻ കണ്ടു. ആ ചെറുപുസ്തകം കൈയിലെടുത്തു; തുറന്നുനോക്കി. അതിൽനിന്നും ആദ്യമായി വായിച്ച വചനം 'മാതാവിനോട് ഛെ എന്നുപോലും പറയരുത്' എന്നതായിരുന്നു. മാതാവിന്റെ കാൽചുവട്ടിലാണ് സ്വർഗം എന്നും അതേ പേജിൽ കണ്ടു. അന്നേരം മനസ്സിൽ ചിരിവന്നു. ഇതെന്തുവാ? അവിടെയും ഉണ്ടോ വേറൊരു സ്വർഗം! ബാക്കി അറിയാൻ വേണ്ടി തുടർന്നു വായിച്ചു. തുടർന്ന് ഏതാനും പേജുകൾ വായിച്ചപ്പോൾ കണ്ടതിലെ മർമം ഇതാണ്: പിതാവിനോടു സൗമ്യമായി സംസാരിക്കണം. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയർ നിറയെ ഭക്ഷണം കഴിക്കുന്നവൻ എന്നിൽപെട്ടവനല്ല. നിങ്ങളുടെ എല്ലാ ചെയ്തികളും അണുവിട തെറ്റാതെ അല്ലാഹു സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു സർവജ്ഞനത്രെ...**

ജഡം നിശ്ചലമായി. ആത്മാവ് എവിടേക്കോ സഞ്ചാരം തുടങ്ങി. ഒരു ഭീകരസ്വപ്നം കാണുന്നു. ഒരു പുരുഷൻ ബലപ്രയോഗത്തിലൂടെ എന്റെ ജനനേന്ദ്രിയം ഛേദിച്ചുകളയുന്നു; രണ്ടു സ്ത്രീകളുടെ സഹായത്തോടെ. എന്റെ കുടുംബം (ഭാര്യ, കുഞ്ഞുങ്ങൾ) വലിയൊരു വീട്ടിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്റെ ഏകമകൾ കറുത്ത മൂടുപടം ധരിച്ച് തിരഞ്ഞുനടക്കുന്നു. സ്വന്തം അമ്മാവൻ (കൊച്ചുവേലൻ) ഊരിപ്പിടിച്ച വാളുമായി വീട്ടിൽവന്നു വെട്ടുന്നു. ഞാനും കുടുംബവും ജീവരക്ഷാർഥം ഓടിപ്പോകുന്നു.

ഷെഡ്ഡിലെ ഒച്ചയും സംസാരവും കേട്ട് ഞെട്ടിയുണർന്നു. ഹോ...! ഒന്നും സംഭവിച്ചില്ല!! സ്വപ്നമായിരുന്നു. ഈ സ്വപ്നക്കഥ ഒരു രസമായി കൂടെയുള്ളവരോടു പറഞ്ഞു. ചിലർ ചിരിച്ചു. ചിലർ പറഞ്ഞു; സൂക്ഷിച്ചോ, വെളുപ്പിനു കണ്ട സ്വപ്നമാ... ഫലിച്ചേക്കും. കൊച്ചുവേലന് തന്നോട് കടുത്ത വൈരാഗ്യമുണ്ട്. (അത് എനിക്കും അറിവുള്ളതാണ്).

ഞങ്ങളുടെ ക്രിസ്തീയ കൂട്ടായ്മയിലുണ്ടായിരുന്ന ഒരു ബന്ധുവും കൂടെയുണ്ടായിരുന്നു. അയാൾ പറഞ്ഞു: 'ആ പാസ്റ്റർമാരുടെ കൈയിലെങ്ങാനും കിട്ടിയാൽ നിന്നെ വലിച്ചുകീറി തിന്നും. അവർക്ക് അത്ര വൈരാഗ്യമുണ്ട്. അവർ ചിലരോട് പറഞ്ഞിട്ടുണ്ട്; അവന്റെ നാശം കണ്ടേ ഞങ്ങൾ അടങ്ങൂവെന്ന്.' എല്ലാവരുടെയും സംസാരം കേട്ടപ്പോൾ ചെറിയൊരു ഉൾഭയം.

ഊരിൽ വല്ല പ്രശ്നവും ഉണ്ടോ? ഒന്നു പോയാലോ? ഘോരവനത്തിലൂടെ മണിക്കൂറുകൾ നടക്കണം. എന്തായാലും പോയിവരാം. ഊരിലേക്കു തിരിച്ചു; സന്ധ്യയായപ്പോഴെക്കും ഊരിലെത്തി.

എന്റെ നാലു മക്കളിൽ ജീവനായി സ്നേഹിക്കുന്ന ഏക മകൾ. എന്നെ കണ്ടയുടൻ ഓടിയെത്തി കൈയിൽ പിടിച്ചു. ഞാൻ കൊണ്ടുവന്ന കാട്ടിറച്ചിപ്പൊതിയോ തേനോ ഒന്നും ശ്രദ്ധിക്കാതെ അവൾ ഒരു സ്വപ്നക്കഥ പറയുകയാണ്: 'ചാച്ചേ, ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു.' 'എന്താ? പറ'. 'വല്യ കെട്ടിടങ്ങളുടെ കോർട്ടിൽ മുഖവും തലയുമെല്ലാം മൂടികിടക്കുന്ന കറുത്ത ഉടുപ്പുമിട്ട് ഒത്തിരി പിള്ളേരുടെ ഇടയ്ക്ക് നിന്നപ്പോൾ ചാച്ച എന്നെ തിരക്കി നടക്കുന്നു. ഞാൻ ചാച്ചേ കണ്ടു. ചാച്ച എന്നെ കണ്ടില്ല. പിന്നേം തിരക്കി നടക്കുവാ... ഹോ, പറ്റിച്ചേ...'

ഓമനത്തമുള്ള, പുഞ്ചിരിതൂകുന്ന ആ മുഖത്ത് ഒരു ഉമ്മ കൊടുത്തിട്ട് ഞാൻ പറഞ്ഞു: 'പോടീ, നിന്റെയൊരു സ്വപ്നം.' അവൾ പറഞ്ഞത് ഞാൻ മൈൻഡ് ചെയ്തില്ല.

അമ്മാവൻ ഇവിടെ വന്നിരുന്നോ എന്ന് ഭാര്യയോടു തിരക്കി.

'ഇല്ല, ഇതിലെ പോയാൽ ഇങ്ങോട്ട് നോക്കി കലിച്ചുതുള്ളിയാ പോകുന്നത്' എന്നായിരുന്നു മറുപടി.

'ഉപദേശിമാര് ആരേലും വന്നോ?'

'അവരൊക്കെ ഇവിടെ വന്നിട്ടെത്ര നാളായി. അവർക്കെല്ലാം നമ്മളോട് നല്ല ഇഷ്ടമാ...! വല്ല ഉപദ്രവവും ചെയ്യാതെ സൂക്ഷിച്ചാ മതി.'

രണ്ടാഴ്ചത്തെ വനവാസത്തിനുശേഷം ഊരിലെത്തിയതല്ലേ; ഒരു ഉൻമേഷത്തിനായി വെറുതെ ഒന്നു കറങ്ങി. അൽപം മദ്യവും കഴിച്ച് വീട്ടിലെത്തി.

അടിച്ചു ഫിറ്റായി ഇരിക്കുന്നു അച്ഛൻ! അച്ഛനോട് നേരെനിന്നു സംസാരിക്കാൻ വീട്ടുകാർക്കല്ല നാട്ടുകാർക്കും പേടിയാണ്. ഒരു പ്രശ്നമുണ്ടായാൽ നീതിയും ന്യായവും വലിപ്പച്ചെറുപ്പവുമൊന്നും നോക്കില്ല. തോന്നിയവിധമുള്ള മർദനം നടപ്പാക്കും. അത്ര വലിയ ദേഷ്യക്കാരനാണ്.

ഒരു ചെറിയ വിഷയത്തിന് ഞാൻ ഭാര്യയുമായി ഉച്ചത്തിൽ സംസാരിച്ചു. ഒച്ചകേട്ടു വന്ന അച്ഛൻ വന്നപാടേ, ചെവിക്കല്ലിനു തന്നെ ഒരെണ്ണം പാസ്സാക്കി. തല മരവിച്ചുപോയി. രണ്ടാമത്തതു പാസ്സാകുന്നതിന് മുമ്പ് ഞാൻ ഇറങ്ങി ഓടാൻ ശ്രമിക്കുമ്പോൾ ദയാലുവായ എന്റെ അമ്മ രംഗത്തേക്കു കടന്നുവന്നു. വഴി തടസ്സമായി. അപ്പോഴേക്കും രണ്ടാമത്തത് പിടലിക്കുതന്നെ പാസ്സായി!

അമ്മയെ പിടിച്ചു തള്ളിയിട്ടു ഞാൻ ഇറങ്ങിയോടി. തള്ളിന്റെ ശക്തിയിൽ അമ്മ കട്ടിളപ്പടിയിൽ തലയടിച്ചു വീണു, ബോധം മറഞ്ഞു. രക്തം ചിതറി. പിന്നെ എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടുതിരിഞ്ഞതുകൊണ്ട് കളം ശാന്തമായി.

1995ലെ പുതുവർഷ പുലരി. യഹോവയായ പ്രപഞ്ചനാഥന്റെ കാരുണ്യം എന്നിലേക്കു വന്നുചേർന്ന ദിവസവും സന്ദർഭവും. പിറ്റെദിവസം മൂന്നുകിലോമീറ്റർ അപ്പുറമുള്ള ചെറിയൊരു ടൗണിൽ ബസ്സിറങ്ങിയപ്പോൾ ഭയങ്കര മഴ. ഞാൻ ഓടിച്ചെന്ന് ഒരു മുറുക്കാൻകടയിൽ കയറി. വലിയ അടുപ്പമൊന്നുമില്ലെങ്കിലും പരിചയക്കാരനായ മുസ്‌ലിമിന്റെ കട. (അന്ന് ബീഡി-മുറുക്കാൻ കടയായിരുന്നു. ഇന്നു നല്ല ബേക്കറിയായി പ്രവർത്തിച്ചുവരുന്നു).

ഒരു സിഗരറ്റ് എടുക്കുന്നതിനുവേണ്ടി അദ്ദേഹം പെട്ടി തുറന്നു. പെട്ടിക്കുള്ളിൽ ഒരു ചെറുപുസ്തകം കിടക്കുന്നത് ഞാൻ കണ്ടു. സിഗരറ്റ് വലിച്ചുകൊണ്ട് അരഭിത്തിയിൽ ഇരുന്നു. എനിക്ക് അഭിമുഖമായിരിക്കുന്ന ബീഡിപ്പെട്ടിയുടെ ഗ്ലാസിൽ നാട്ടിനിർത്തപ്പെട്ടിരിക്കുന്ന ആ പുസ്തകത്തിൽ പല പ്രാവശ്യം കണ്ണുകൾ പതിഞ്ഞു.



മഴയുടെ ശക്തി കൂടിവരികയാണ്. വെറുതെ കുത്തിയിരുന്നു ബോറടിക്കുന്നു. ഈ സമയം ആ ചെറുപുസ്തകം കൈയിലെടുത്തു; തുറന്നുനോക്കി.

പുറം പേജിൽ 'തൊട്ടിൽമുതൽ കട്ടിൽവരെ' എന്നുണ്ട്. താഴെ 'ഇസ്‌ലാമിക് പ്രിന്റിംഗ്, തിരൂരങ്ങാടി'എന്നു കണ്ടു.

ശ്ശെ..! ഇത് മുസ്‌ലിമിന്റെ പുസ്തകം. എന്തു വായിക്കാൻ. പുസ്തകം കുഴൽപോലെ ചുരുട്ടി കൈയിൽ പിടിച്ചുകൊണ്ട് താളുകൾ തെറിപ്പിച്ചുകൊണ്ടിരുന്നു. മഴ അവസാനിക്കുന്ന ലക്ഷണവുമില്ല. താളുകൾ തെറിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വെറുതെ ഒരു പേജ് നിവർത്തി കണ്ണോടിച്ചു.

അതിൽനിന്നും ആദ്യമായി വായിച്ച വചനം 'മാതാവിനോട് ഛെ എന്നുപോലും പറയരുത്' എന്നതായിരുന്നു. മാതാവിന്റെ കാൽചുവട്ടിലാണ് സ്വർഗം എന്നും അതേ പേജിൽ കണ്ടു. അന്നേരം മനസ്സിൽ ചിരിവന്നു. ഇതെന്തുവാ? അവിടെയും ഉണ്ടോ വേറൊരു സ്വർഗം! ബാക്കി അറിയാൻ വേണ്ടി തുടർന്നു വായിച്ചു. തുടർന്ന് ഏതാനും പേജുകൾ വായിച്ചപ്പോൾ കണ്ടതിലെ മർമം ഇതാണ്: പിതാവിനോടു സൗമ്യമായി സംസാരിക്കണം. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയർ നിറയെ ഭക്ഷണം കഴിക്കുന്നവൻ എന്നിൽപെട്ടവനല്ല. നിങ്ങളുടെ എല്ലാ ചെയ്തികളും അണുവിട തെറ്റാതെ അല്ലാഹു സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു സർവജ്ഞനത്രെ...

ആദ്യം ചിന്തയിൽ വന്നു; ഏതാണീ അല്ലാഹു? മുഹമ്മദ് നബിക്ക് അല്ലാഹുവെന്നും പേരുണ്ടായിരിക്കും!

കുറെക്കൂടി മുന്നോട്ട് വായിച്ചപ്പോൾ വിശ്വസനീയമായ പല വചനങ്ങളും കാണാനായി. ഹോ..! ഇത് മുഴുവനുമൊന്നു വായിക്കണമല്ലോ. അപ്പോഴേക്കും മഴമാറി. മൂന്നു കിലോമീറ്റർ നടന്നുവേണം ഇനി വീട്ടിലെത്താൻ.

പോകാൻ നേരം ഈ പുസ്തകം കൊണ്ടുപോകട്ടെയെന്നു കടക്കാരനോടു ചോദിച്ചു. അയാൾ കൈയിൽ നിന്നും പുസ്തകം വാങ്ങി വീണ്ടും ബീഡിപ്പെട്ടിയിലിട്ടുകൊണ്ട് പറഞ്ഞു: 'ഇത് എന്റെതല്ല. മറ്റൊരാളുടെതാണ്.' 'ശരി' എന്നു പറഞ്ഞ് ഞാൻ ഇറങ്ങി. അന്നേരം അയാൾ ചെറുപുഞ്ചിരിയോടെ എന്റെയും അയാളുടെയും ജാതിപ്പേര് പറഞ്ഞിട്ടു ചോദിച്ചു: 'എന്തിനാണ് ഇത് (പുസ്തകം) നിങ്ങൾക്ക്?' ഞാൻ പറഞ്ഞു: 'വെറുതെ വായിക്കാൻ.' ഇതും പറഞ്ഞ് ഞാൻ നടന്നു നീങ്ങി.

എന്റെ ജിജ്ഞാസ വർധിച്ചുവരികയാണ്. ഇതു മുസ്‌ലിംകളുടെ പുസ്തകംതന്നെയോ? അമ്പതിൽ താഴെ മാത്രം പേജുകളുള്ള ആ ചെറിയ പുസ്തകം എന്നിൽ ആവേശം പകരുകയാണ്. ബാക്കി ഭാഗങ്ങൾ അറിയാൻ വല്ലാത്ത താൽപര്യം തോന്നി. പിന്നീട് പുസ്തകങ്ങൾ തിരക്കിയിറങ്ങി. മുസ്‌ലിംകളുമായി അടുപ്പമോ സഹകരണമോ ഇല്ല. അതിനാൽ ആരോടു ചോദിക്കാൻ!

ഒരു മലഞ്ചരക്ക് വ്യാപാരിയുമായി സാധനങ്ങൾ കൊടുത്തുള്ള പരിചയമുണ്ട്. അവിടെ ചെന്നു ആവശ്യം വളരെ രഹസ്യമായി പറഞ്ഞു. അയാളും മുറുക്കാൻ കടക്കാരന്റെ ചോദ്യം ആവർത്തിച്ചു: 'ഞങ്ങളുടെ മതപുസ്തകം നിങ്ങൾക്കെന്തിന്?'

അയാളുടെ ചോദ്യം കേട്ട് ജാള്യത തോന്നിയെങ്കിലും ഞാൻ പറഞ്ഞു: 'ഞാൻ കുറെ ബൈബിളൊക്കെ പഠിച്ചിട്ടുണ്ട്. ഇനി നിങ്ങളുടെ മതത്തെക്കുറിച്ച് മനസ്സിലാക്കാനാണ്.'

'ഹോ! ഇത് പുതിയൊരറിവാണല്ലേ' എന്ന പുച്ഛത്തോയെുള്ള മറുപടിയാണ് കിട്ടിയത്. ചെറിയൊരു ലജ്ജയോടുകൂടി ഇറങ്ങി നടന്നു.

കടയിൽ പോയി വീട്ടുസാധനങ്ങൾ വാങ്ങി ഒരു മണിക്കൂറിനുശേഷം അതുവഴി മടങ്ങിവരുമ്പോൾ അയാൾ എന്നെയും കാത്ത് റോഡുവക്കിൽ നിൽക്കുന്നതാണ് കണ്ടത്. ഒരു പൊതിവച്ച് നീട്ടിയിട്ട് അയാൾ പറഞ്ഞു: 'നഷ്ടപ്പെടുത്തരുത്. വായിച്ചശേഷം തിരിച്ചുതരണം.'

'ശരി' എന്നു പറഞ്ഞ് തലയാട്ടി ഞാൻ സന്തോഷത്തോടെ പുസ്തകം വാങ്ങി.

വീട്ടിലെത്തി, തുറന്നു നോക്കി. സന്തോഷം. സ്വൈര്യമായി ഇരുന്നു. പുസ്തകങ്ങൾ അരിച്ചുപെറുക്കി വായിച്ചു. എന്തൊരു മഹാത്ഭുതങ്ങളാണ് പ്രത്യക്ഷപ്പെടുന്നത്!

തടവറയിൽനിന്നും പള്ളിയിലേക്ക്, അർഥമുള്ള ഇസ്‌ലാം, ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം (അബ്ദുല്ല അടിയാർ), തൊട്ടിൽ മുതൽ കട്ടിൽ വരെ; ഇത് നാലും വായിച്ചപ്പോൾ ഞാനറിയാതെ എന്നിൽ പരിവർത്തനത്തിന്റെ ആവേശം അലയടിക്കാൻ തുടങ്ങി.

മറ്റു പരിപാടികളൊക്കെ ചുരുക്കി ഇസ്‌ലാമിക പുസ്തകം തിരക്കലായി. ചോദിച്ചതിൽ ചിലരൊക്കെ ഒഴിഞ്ഞു മാറിയെങ്കിലും ചിലർ സഹായിച്ചു. നാലു പുസ്തകങ്ങൾ കൂടി ഉടനടി ലഭിച്ചു.

ആദ്യം പറ്റിയ ഒരു അമളിയുണ്ട്: പരിചയപ്പെട്ട ഒരാളോട് മുഹമ്മദ് നബിയുടെ ഒരു ഫോട്ടോ സംഘടിപ്പിച്ചുതരുമോ എന്ന് ചോദിച്ചു. അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു: 'കൈവശം ഉണ്ടായിരുന്നത് തീർന്നുപോയി. എവിടെനിന്നെങ്കിലും കിട്ടിയാൽ തരാം. നിങ്ങൾ ഇസ്‌ലാമിനെക്കുറിച്ചു നന്നായി പഠിക്കൂ.'

പുതിയതായി ലഭിച്ച നാലു പുസ്തകങ്ങൾ ഉണർവും ഉത്സാഹവും ലഭിക്കുന്നതായിരുന്നു. 'വിമോചനത്തിന്റെ പാത' എന്ന പുസ്തകംകൂടി വായിച്ചപ്പോൾ ഒരു കാര്യം എനിക്കു ബോധ്യപ്പെട്ടു;ഇസ്‌ലാമും മുസ്‌ലിമും നിസ്സാരമായി തള്ളിക്കളയേണ്ട കീടങ്ങളാണെന്ന മുൻ അറിവും ധാരണയും ശരിയല്ല. ഇസ്‌ലാമും മുസ്‌ലിമും ഒരു ഔഷധമാണെന്നു തിരിച്ചറിയാൻ വൈകിപ്പോയല്ലോ!

മൂന്നു മാസത്തിനുള്ളിൽ, ഇസ്‌ലാം ഒരു സത്യമതവും മാർഗവുമാണെന്ന സത്യം ഹൃദയത്തിൽ വെളിച്ചമായി പ്രവേശിച്ചുതുടങ്ങി. പക്ഷേ, ഞങ്ങളുടെ സമൂഹം ഒരിക്കലും ഇത് അംഗീകരിക്കില്ല എന്നതിനാൽ എങ്ങനെ ഈ ലക്ഷ്യം പൂർത്തീകരിക്കും എന്ന ആശങ്കയുണ്ടായി. എന്തുവന്നാലും ശരി, ഇസ്‌ലാമിന്റെ പൂർണരൂപം കണ്ടെത്തുക തന്നെ എന്ന് ദൃഢനിശ്ചയമെടുത്തു.

ഇസ്‌ലാമിക പ്രവർത്തകരായ ചില യുവാക്കളുമായി ബന്ധമുണ്ടാക്കി. ചെറുതും വലുതുമായ പല ലേഖനങ്ങളും വിവരണങ്ങളും വായിച്ചപ്പോൾ ഇസ്‌ലാം സത്യമാർഗമെന്നു 75 ശതമാനവും വിശ്വസിച്ചുറപ്പിച്ചു. ശേഷിച്ച 25 ശതമാനം ഒറ്റ വിഷയത്തിലായിരുന്നു. അന്വേഷണം ആ ദിശയിലേക്ക് തിരിച്ചു. മുമ്പ് ഒരുപാട് ആളുകളുടെ വാക്കുകളും സ്വാധീനവും പല ചതിക്കുഴികളിലും ചെന്നു ചാടിച്ചിട്ടുണ്ട്. അതിനാൽ ഒരു വിഷയവും പ്രസംഗങ്ങളിൽനിന്നോ വ്യാജ എഴുത്തുകാരുടെ ലേഖനങ്ങളിൽനിന്നോ മനസ്സിലാക്കാതെ സ്വയം ബോധ്യപ്പെടുകയെന്നതായിരുന്നു ലക്ഷ്യം. മുഹമ്മദ് നബിയെ തിരിച്ചറിയുക എന്നതായിരുന്നു ഏറ്റവും വലിയ ആഗ്രഹം. പ്രവാചകനെക്കുറിച്ചുള്ള നാലഞ്ചു പുസ്തകങ്ങൾ പഠിച്ചപ്പോൾ ഇസ്‌ലാംമതത്തെക്കുറിച്ച് ഒരണുവിട സംശയവും അവശേഷിച്ചില്ല.

**(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം

അധ്യായം: 56, ഭാഗം 4

# അൽവാഖിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

45. എന്തുകൊണ്ടെന്നാൽ തീർച്ചയായും അവർ അതിനുമുമ്പ് സുഖലോലുപൻമാരായിരുന്നു.
46. അവർ ഗുരുതരമായ പാപത്തിൽ ശഠിച്ചുനിൽക്കുന്നവരുമായിരുന്നു.
47. അവർ ഇപ്രകാരം പറയുകയും ചെയ്തിരുന്നു: ഞങ്ങൾ മരിച്ചിട്ട് മണ്ണും അസ്ഥിശകലങ്ങളുമായിക്കഴിഞ്ഞിട്ടാണോ ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടാൻ പോകുന്നത്?
48. ഞങ്ങളുടെ പൂർവികരായ പിതാക്കളും (ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?)
49. നീ പറയുക: തീർച്ചയായും പൂർവികരും പിൽക്കാലക്കാരും എല്ലാം;
50. ഒരു നിശ്ചിതദിവസത്തെ കൃത്യമായ ഒരു അവധിക്ക് ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെയാകുന്നു.
51. എന്നിട്ട്, ഹേ; സത്യനിഷേധികളായ ദുർമാർഗികളേ,
52. തീർച്ചയായും നിങ്ങൾ ഒരു വൃക്ഷത്തിൽ നിന്ന് അതായത് സഖ്ഖൂമിൽനിന്ന് ഭക്ഷിക്കുന്നവരാകുന്നു.

إِنَّهُمْ كَانُوا۟ قَبْلَ ذَٰلِكَ مُتْرَفِينَ ﴿٤٥﴾
وَكَانُوا۟ يُصِرُّونَ عَلَى ٱلْحِنثِ ٱلْعَظِيمِ ﴿٤٦﴾
وَكَانُوا۟ يَقُولُونَ أَئِذَا مِتْنَا وَكُنَّا تُرَابًا وَعِظَٰمًا أَءِنَّا
لَمَبْعُوثُونَ ﴿٤٧﴾
أَوَءَابَآؤُنَا ٱلْأَوَّلُونَ ﴿٤٨﴾
قُلْ إِنَّ ٱلْأَوَّلِينَ وَٱلْءَاخِرِينَ ﴿٤٩﴾
لَمَجْمُوعُونَ إِلَىٰ مِيقَٰتِ يَوْمٍ مَّعْلُومٍ ﴿٥٠﴾
ثُمَّ إِنَّكُمْ أَيُّهَا ٱلضَّآلُّونَ ٱلْمُكَذِّبُونَ ﴿٥١﴾
لَءَاكِلُونَ مِن شَجَرٍ مِّن زَقُّومٍ ﴿٥٢﴾

53. അങ്ങനെ അതിൽനിന്ന് വയറുകൾ നിറക്കുന്നവരും,

54. അതിന്റെ മീതെ തിളച്ചുപൊള്ളുന്ന വെള്ളത്തിൽ നിന്ന് കുടിക്കുന്നവരുമാകുന്നു.

55. അങ്ങനെ ദാഹിച്ചുവലഞ്ഞ ഒട്ടകം കുടിക്കുന്ന പോലെ കുടിക്കുന്നവരാകുന്നു.

56. ഇതായിരിക്കും പ്രതിഫലത്തിന്റെ നാളിൽ അവർക്കുള്ള സൽക്കാരം.

57. നാമാണ് നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. എന്നിരിക്കെ നിങ്ങളെന്താണ് (എന്റെ സന്ദേശങ്ങളെ) സത്യമായി അംഗീകരിക്കാത്തത്?

58. അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?

59. നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്. അതല്ല, നാമാണോ സൃഷ്ടികർത്താവ്?

60. നാം നിങ്ങൾക്കിടയിൽ മരണം കണക്കാക്കിയിരിക്കുന്നു. നാം ഒരിക്കലും തോൽപിക്കപ്പെടുന്നവനല്ല.

61. (നിങ്ങൾക്കു) പകരം നിങ്ങളെ പോലുള്ളവരെ കൊണ്ടുവരികയും നിങ്ങൾക്ക് അറിവില്ലാത്ത വിധത്തിൽ നിങ്ങളെ (വീണ്ടും) സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്ന കാര്യത്തിൽ.

62. ആദ്യതവണ സൃഷ്ടിക്കപ്പെട്ടതിനെപ്പറ്റി തീർച്ചയായും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് ആലോചിച്ചുനോക്കുന്നില്ല?

فَمَالِـُٔونَ مِنْهَا ٱلْبُطُونَ ٥٣
فَشَٰرِبُونَ عَلَيْهِ مِنَ ٱلْحَمِيمِ ٥٤
فَشَٰرِبُونَ شُرْبَ ٱلْهِيمِ ٥٥
هَٰذَا نُزُلُهُمْ يَوْمَ ٱلدِّينِ ٥٦
نَحْنُ خَلَقْنَٰكُمْ فَلَوْلَا تُصَدِّقُونَ ٥٧
أَفَرَءَيْتُم مَّا تُمْنُونَ ٥٨
ءَأَنتُمْ تَخْلُقُونَهُۥٓ أَمْ نَحْنُ ٱلْخَٰلِقُونَ ٥٩
نَحْنُ قَدَّرْنَا بَيْنَكُمُ ٱلْمَوْتَ وَمَا نَحْنُ بِمَسْبُوقِينَ ٦٠
عَلَىٰٓ أَن نُّبَدِّلَ أَمْثَٰلَكُمْ وَنُنشِئَكُمْ فِى مَا لَا تَعْلَمُونَ ٦١
وَلَقَدْ عَلِمْتُمُ ٱلنَّشْأَةَ ٱلْأُولَىٰ فَلَوْلَا تَذَكَّرُونَ ٦٢

45-48). ഇത്തരത്തിലൊരു പ്രതിഫലാവസ്ഥയിലേക്ക് അവർ എത്താനുണ്ടായ പ്രവർത്തനങ്ങളാണ് തുടർന്ന് അല്ലാഹു വിശദീകരിക്കുന്നത്: (എന്തുകൊണ്ടെന്നാൽ തീർച്ചയായും അവർ അതിനു മുമ്പ് സുഖലോലുപരായിരുന്നു) ഇഹലോകജീവിതം അവരെ അശ്രദ്ധമാക്കി. അവർ അതിനുവേണ്ടി പ്രവർത്തിച്ചു. അതിൽ സുഖിച്ചും ആസ്വദിച്ചും അവർ കഴിച്ചുകൂട്ടി. കർമങ്ങൾ നല്ലതാക്കാനുള്ള താൽപര്യം അവർക്കില്ലാതെയായി. ഈ സുഖലോലുപതയെയാണ് അല്ലാഹു ആക്ഷേപിക്കുന്നത്.

(അവർ ഗുരുതരമായ പാപത്തിൽ ശഠിച്ചു നിൽക്കുന്നവരുമായിരുന്നു). മഹാപാപങ്ങൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നു. അതിൽ ഖേദിക്കുകയോ പശ്ചാത്തപിക്കയോ ചെയ്തില്ല. തങ്ങളുടെ രക്ഷിതാവിനെ കോപിപ്പിക്കുന്ന കാര്യത്തിൽ അവർ ഉറച്ചുനിന്നു. പൊറുക്കപ്പെടാത്ത ഒട്ടനവധി പാപങ്ങൾ അവർ അവനോട് ചെയ്തു. ഉയിർത്തെഴുന്നേൽപിനെ അവർ നിഷേധിച്ചു. അതിന്റെ സംഭവ്യതയെ വിദൂരമായി കണ്ടുകൊണ്ട് അവർ പറയുമായിരുന്നു: (അവർ ഇപ്രകാരം പറയുകയും ചെയ്തിരുന്നു: ഞങ്ങൾ മരിച്ചിട്ട് മണ്ണ് അസ്ഥിശകലങ്ങളായി കഴിഞ്ഞിട്ടാണോ ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടാൻ പോകുന്നത്. ഞങ്ങളുടെ പൂർവികരായ പിതാക്കളും ഉയർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?). അതായത്, എങ്ങനെയാണ് മരണശേഷം ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നത്, ഞങ്ങൾ നുരുമ്പി മണ്ണും അസ്ഥിയും ആയി കഴിഞ്ഞശേഷം ഇത് അസംഭവ്യമാണ്. അല്ലാഹു അവർക്ക് മറുപടിയായി പറഞ്ഞു: (നീ പറയുക: തീർച്ചയായും പൂർവികരും പിൽക്കാലക്കാരും എല്ലാം ഒരു നിശ്ചിതദിവസത്തെ കൃത്യമായ ഒരവധിക്ക് ഒരുമിച്ചുകൂട്ടപ്പെടുന്നവർ തന്നെയാകുന്നു)

49-50) പറയുക: മുമ്പ് കഴിഞ്ഞുപോയവരെയും പിൽക്കാലക്കാരെയും എല്ലാവരെയും അല്ലാഹു ഉയിർത്തെഴുന്നേൽപിക്കും. ഒരു നിശ്ചിത ദിവസത്തെ കൃത്യമായ ഒരവധിക്ക്. എല്ലാ സൃഷ്ടികളും അവസാനിക്കാൻ അല്ലാഹു നിശ്ചയിച്ച ഒരു സമയം. തന്റെ അടിമകളിൽ പ്രവർത്തനബാധ്യതയുള്ളവർക്ക് ഈ ലോകത്ത് അവർ പ്രവർത്തിച്ച പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകാൻ അല്ലാഹു ഉദ്ദേശിക്കുന്നു.

51-53). (എന്നിട്ട് ഹേ സത്യനിഷേധികളായ ദുർമാർഗികളേ). ശരിയായവഴി തെറ്റി നാശത്തിന്റെ വഴിയെ പിൻപറ്റുകയും ചെയ്തവർ. (സത്യനിഷേധികളായ) റസൂലിനെയുംﷺ അദ്ദേഹം കൊണ്ടുവന്ന താക്കീതുകളെയും വാഗ്ദത്തങ്ങളെയും സത്യത്തെയും നിഷേധിച്ചവർ. (തീർച്ചയായും നിങ്ങൾ ഒരു വൃക്ഷത്തിൽ നിന്ന് അതായത്, സഖ്ഖൂമിൽനിന്ന് ഭക്ഷിക്കുന്നവരാകുന്നു). ഏറ്റവും മോശം വൃക്ഷമാണത്. മ്ലേഛമായ, ദുർഗന്ധമുള്ള, കാഴ്ച ഏറ്റവും വിരൂപമായത്. (അങ്ങനെ അതിൽനിന്ന് വയറുകൾ നിറക്കുന്നവരും). ഇത്രയും നികൃഷ്ടമാണെങ്കിലും അവരത് ഭക്ഷിക്കാൻ നിർബന്ധിതരാണ്. അമിതമായ വിശപ്പ് അവരുടെ കരളുകളെ ജ്വലിപ്പിക്കും. അവരുടെ ഹൃദയങ്ങൾ അറ്റുപോകും. ഈ ഭക്ഷണംകൊണ്ടാണ് അവർ അവരുടെ വിശപ്പിനെ പ്രതിരോധിക്കുന്നത്. എന്നാൽ അത് അവർക്ക് പോഷണം നൽകുകയോ വിശപ്പിന് പ്രയോജനപ്പെടുകയോ ഇല്ല.

54-56). എന്നാൽ പാനീയമോ? ഏറ്റവും മോശപ്പെട്ട പാനീയം. ഈ ഭക്ഷണത്തോടൊപ്പം ആമാശയം തിളച്ചുമറിയുന്ന, ചുട്ടുപൊള്ളുന്ന വെള്ളത്തിൽനിന്ന് അവർ കുടിച്ചുകൊണ്ടിരിക്കും. (അങ്ങനെ ദാഹിച്ചുവലഞ്ഞ ഒട്ടകം കുടിക്കുന്നതുപോലെ കുടിക്കുന്നവരാകുന്നു). ദാഹരോഗം പിടിപെട്ട ഒട്ടകമാണിത്. കഠിനദാഹമുള്ളത് (الهيم) എന്നത് വെള്ളം കുടിച്ചാലും ദാഹം മാറാത്ത ഒരുതരം രോഗം പിടിപെട്ട ഒട്ടകമാണ്.

(ഇത്) ഈ ഭക്ഷണവും പാനീയവും (അവർക്കുള്ള സൽക്കാരം) അതായത് ആതിഥ്യം. (പ്രതിഫലത്തിന്റെ നാളിൽ) അവർ അവർക്ക് വേണ്ടി മുൻകൂട്ടി ഒരുക്കിവെച്ച ആഥിത്യം. അല്ലാഹു തന്റെ മിത്രങ്ങൾക്ക് തയ്യാറാക്കിയ ആഥിഥ്യത്തെക്കാൾ അവർ മുൻഗണന നൽകിയത് ഇതിനാണ്.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ كَانَتۡ لَهُمۡ جَنَّٰتُ ٱلۡفِرۡدَوۡسِ نُزُلًا ١٠٧

"തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ" (18:106,107).

57). പിന്നീട് ഉയിർത്തെഴുന്നേൽപിനുള്ള ബുദ്ധിപരമായ തെളിവാണ് പറയുന്നത്. (നാമാണ് നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത് എന്നിരിക്കെ നിങ്ങളെന്താണ് സത്യമായി അംഗീകരിക്കാത്തത്). പറയത്തക്ക ഒന്നുമല്ലാതിരുന്ന അവസ്ഥയിൽ നിന്ന് ഒരു ക്ഷീണവും അശക്തിയും കൂടാതെ നിങ്ങളെ നാമാണ് ഉണ്ടാക്കിയത്. അതിന് കഴിയുന്നവൻ



മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലയോ? ഇല്ലാതെ! അവനെല്ലാറ്റിനും കഴിവുള്ളവനാകുന്നു. അല്ലാഹു അവരെ വഷളാക്കുകയാണിവിടെ. അല്ലാഹുവിന്റെ ഉന്നതവും കഴിവുറ്റതുമായ ധാരാളം കാര്യങ്ങൾ കണ്ടിട്ടും ഉയിർത്തെഴുന്നേൽപിനെ അംഗീകരിക്കാതിരിക്കുന്നതിലെ ബുദ്ധിശൂന്യതയെ പറ്റി.

58-62) (നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ) ശുക്ലത്തിൽ നിന്നാണ് നിങ്ങളുടെ സൃഷ്ടിപ്പിന്റെ തുടക്കം എന്നത് (സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി). ആ ശുക്ലത്തെ നിങ്ങളാണോ സൃഷ്ടിച്ചത്; അതിൽനിന്ന് ഉണ്ടാക്കപ്പെടുന്നതിനെയും? അതോ സ്രഷ്ടാവായ അല്ലാഹുവോ? നിങ്ങൾക്ക് വികാരങ്ങളെ അവനുണ്ടാക്കി; അതു നിർവഹിക്കാനുള്ള ശാരീരിക സൗകര്യങ്ങളും മാർഗങ്ങളും. ഇണകൾക്കിടയിൽ സ്നേഹമുണ്ടാക്കി. അതാണ് വംശവർധനവിന്റെ കാരണം. അതാണ് അല്ലാഹു ആദ്യസൃഷ്ടിപ്പിന് രണ്ടാമത് സൃഷ്ടിച്ചതിനെ തെളിവായി പറയാൻ കാരണം. (ആദ്യതവണ സൃഷ്ടിക്കപ്പെട്ടതിനെ പറ്റി തീർച്ചയായും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് ആലോചിച്ച് നോക്കുന്നില്ല). ആദ്യസൃഷ്ടിപ്പ് നടത്താൻ കഴിവുള്ളവൻ നിങ്ങളെ തിരിച്ചുകൊണ്ടുവരാനും കഴിവുള്ളവൻ തന്നെ.

അബൂഫായിദ
mail@nerpatham.com

# നിറങ്ങൾ

കൂട്ടുകാരേ, നമ്മൾക്ക്
ചിന്തിക്കാനായ് കഴിവില്ലേ?
ചിന്തിക്കാതെയിരിക്കല്ലേ,
അന്തംവിട്ടു നടക്കല്ലേ.

കാലികളെപ്പോലാകല്ലേ
കോലംകെട്ടുനടക്കല്ലേ.
കണ്ണാൽ കാഴ്ചകൾ കണ്ടീടൂ,
കാതു തുറന്ന് ശ്രവിച്ചീടൂ.

മണ്ണിൽ, വിണ്ണിൽ നോക്കീടൂ
വർണ മനോഹരമാണല്ലേ?
വർണം പലതും കാണുന്നോ,
എണ്ണാൻ നിങ്ങൾക്കാകുന്നോ?

പച്ചപ്പാണേ എമ്പാടും
പക്ഷേ, എത്രയിനം പച്ച!
പൂന്തോട്ടത്തിൽ നോക്കീടൂ
എത്ര നിറത്തിൽ പൂ കാൺമൂ!

പഴങ്ങളെന്തു മനോഹരമാം!
പലപല നിറവും മണമല്ലേ?
പച്ചക്കറികൾ അതുപോലെ
പലവർണത്തിൽ കാണാമേ.

ആകാശത്തിൽ നോക്കീടൂ
നീല നിറത്തിൽ കാണാമേ.
കരിമേഘങ്ങൾ കണ്ടീടാം,
വെളുത്തമേഘത്തിര കാണാം.

ആഴക്കടലിൻ നീലിമയിൽ
ആരും നോക്കിയിരുന്നീടും!
മത്സ്യം, പക്ഷിമൃഗാദികളും
വർണ വസന്തം തീർക്കുന്നു!

ഏഴല്ലേഴുനൂറല്ലല്ലോ
നിറങ്ങളിങ്ങനെ നോക്കുമ്പോൾ!
സ്രഷ്ടാവേകൻ അല്ലാഹു,
അവന്റെ കഴിവാണെല്ലാമേ.

**ഓൺലൈൻ കോൺഫറൻസിനോടനുബന്ധിച്ച് വിസ്ഡം ബുക്സ് പുതുതായി പുറത്തിറക്കിയ**

## 1400 രൂപയിലധികം വിലയുള്ള ഒരു ഡസൻ പുസ്തകങ്ങൾ

# ഇപ്പോൾ വെറും 1000 രൂപക്ക്...!!!

WISDOM BOOKS

PUBLISHING || DISTRIBUTION


Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244


## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |



RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 FEBRUARY 27

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# GREEN HOME

## RESIDENTIAL CAMPUS FOR BOYS



GREEN VALLEY INSTITUTIONS

## What is ?

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

**Affiliated to CBSE, New Delhi,** the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green Home Residential Program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special Features Included

- Curriculum focusing on quran, belief system, jurisprudence and Islamic history
- Guidelines prepared by panel experts in the field of Islamic education
- Quran memorizing with tajweed
- Communicative Arabic and English

**Registration Open for Grade 5-9**
**(Boys Only)**

0495-220 8770
+91 8606788882
www.greenvalleycampus.com

Green Valley Campus
Nellikkaparamba, Mukkam,
Calicut, Pin: 673602